അത്യഭിവന്ദ്യ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കാബാവാ പ്രാരംഭസന്ദേശം നൽകി. 84-ാം പുനരൈക്യദിനാഘോഷങ്ങളുടെയും സഭാസംഗമത്തിന്റെയും വിജയകരമായ പര്യവസാനത്തിന്റെ പശ്ചാത്തലത്തിലായിരുന്നു സന്ദേശം. പരിപാടികൾ വിജയകരമായി സംഘടിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്ത അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനിയെ അത്യഭിവന്ദ്യ കാതോലിക്കാബാവാ അഭിനന്ദിച്ചു. "ആഘോഷങ്ങളുടെ എല്ലാതലത്തിലും ബത്തേരി ഭദ്രാസനം ഏവർക്കും പ്രചോദനമായിരുന്നു. വൈദികരുടെയും അല്മായരുടെയും സമർപ്പണവും സഹകരണവും ഈ ആഘോഷങ്ങളെ ഒരു സഭാതല പരിപാടിയാക്കി മാറ്റി. മേരിമക്കൾ സമൂഹത്തിലേയും, ബഥനി സന്യാസിനി സമൂഹത്തിലേയും ബഹു. സിസ്റ്റേഴ്സിന്റെ സമർപ്പണവും പങ്കുചേരലും മാതൃകാപരമായിരുന്നു. ഈ ആഘോഷങ്ങൾ ഭദ്രാസനാദ്ധ്യക്ഷനെയും ഭദ്രാസനത്തെയും ശക്തിപ്പെടുത്തി എന്നതിൽ സംശയമില്ല."

തുടർന്ന് അടുത്ത വാർഷികാഘോഷത്തിന്റെ പ്രത്യേകതകളെക്കുറിച്ച് തിരുവല്ലാ അതിഭദ്രാസനത്തെ ഓർമപ്പെടുത്തിക്കൊണ്ട് പറഞ്ഞു: "ഇപ്പോൾ തിരുവല്ലാ അതിഭദ്രാസനത്തിലേയ്ക്ക് Baton കൈമാറിയിരിക്കുന്നു. തിരുവല്ലയുടെ ആദ്യത്തെ ബിഷപ്പായിരുന്ന അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ 125-ാം ജന്മവാർഷികത്തിന്റെയും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ രണ്ടാമത്തെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ജന്മശതാബ്ദിയുടെയും മോൺസിഞ്ഞോർ ജോസഫ് വടശ്ശേരിയുടെ 50-ാം ചരമവാർഷികത്തിന്റെയും പശ്ചാത്തലത്തിലാണ് നാം കടന്നുവരുന്ന 85-ാം പുനരൈക്യദിനവും സഭാസംഗമവും ആഘോഷിക്കേണ്ടത്."

അത്യഭിവന്ദ്യ കാതോലിക്കാബാവാ മലങ്കര സുറിയാനി കത്തോലിക്കാസഭാ ജീവിതത്തിലുള്ള ദൈവത്തിന്റെ അത്ഭുതകരമായ പരിപാലനയെ അനുസ്മരിച്ചു. "ദൈവത്തിന്റെ കൈയ്യടയാളം വഹിക്കുന്ന ഒരു സഭയാണ് നമ്മളുടേത്. സഭാജീവിതത്തിലെ എല്ലാ മേഖലകളിലും നാം ദൈവത്തിന്റെ പ്രത്യേക സംരക്ഷണത്തിലാണെന്ന് നാം അനുഭവിച്ചിരിക്കുന്നു."

മദ്ധ്യപൂർവദേശത്തെ ക്രിസ്ത്യാനികൾക്കും സഭയ്ക്കുമെതിരെ നടക്കുന്ന നരഹത്യാപരമായ ആക്രമണത്തിൽ, നമ്മുടെ സഭയുടെ ഉൽകണ്ഠ അത്യഭിവന്ദ്യ കാതോലിക്കാബാവാ അറിയിച്ചു. "ക്രിസ്തീയ പാരമ്പര്യവും സംസ്ക്കാരവും പൈതൃകവും വിശ്വാസികളും നശിപ്പിക്കപ്പെടുന്നു. ഒന്നരലക്ഷം അന്ത്യോക്യൻ സുറിയാനി കത്തോലിക്കരിൽ അരലക്ഷം പേരെ കാണാതായിരിക്കുന്നു. നമ്മുടെ അതേ ആരാധനക്രമവും സഭാ പാരമ്പര്യവും പങ്കിടുന്ന മാറോനൈറ്റ് കത്തോലിക്കർ ആ പ്രദേശത്തെ ക്രൈസ്തവ പാരമ്പര്യം സംരക്ഷിക്കുവാൻ നമ്മോട് ആവശ്യപ്പെടുന്നു." തുടർന്ന്, പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ കാലത്തിന്റെ അടയാളങ്ങൾ വായിച്ചറിയുവാൻ സുന്നഹദോസ് പിതാക്കന്മാരോട് അത്യഭിവന്ദ്യ കാതോലിക്കാബാവാ ആവശ്യപ്പെട്ടു.

പരിശുദ്ധാത്മാവിന്റെ അനുഗ്രഹം യാചിച്ചുകൊണ്ടും പരിശുദ്ധ ദൈവമാതാ

വിന്റെ മാദ്ധ്യസ്ഥത്തിൽ പരിശുദ്ധ സുന്നഹദോസിനെ സമർപ്പിച്ചുകൊണ്ടും അത്യഭിവന്ദ്യ കാതോലിക്കാബാവാ പതിനാറാം സാധാരണ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ആരംഭിച്ചതായി പ്രഖ്യാപിച്ചു.

**വിഷയാനുക്രമണികയുടെ അവതരണം**

പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പ്രസിഡന്റ്, അത്യഭിവന്ദ്യ കാതോലിക്കാബാവാ സുന്നഹദോസിന്റെ മുൻകൂട്ടി നിശ്ചയിച്ച വിഷയാനുക്രമണിക അവതരിപ്പിച്ചു.

1. പ്രാർത്ഥന
2. അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ ഉദ്ഘാടനപ്രസംഗം
3. പതിനഞ്ചാം സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ റിപ്പോർട്ട്
4. പതിനഞ്ചാം പരിശുദ്ധ സാധാരണ സുന്നഹദോസിന്റെ തീരുമാനങ്ങൾ
5. 2014 വർഷത്തിലെ, ജൂലൈ 15ലും, സെപ്ററംബർ 20ലുമായി നടന്ന പരിപാടികളുടെ വിലയിരുത്തൽ; 2015 വർഷത്തെ ആസൂത്രണം
6. സുന്നഹദോസ് കമ്മീഷനുകൾ- നിയമങ്ങൾ, പ്രവർത്തനപദ്ധതി
7. സാമൂഹിക പ്രവർത്തനത്തിനും കാരിത്താസ് മലങ്കരയ്ക്കുംവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ
8. വൈദിക പരിശീലനത്തിനുള്ള രേഖ
9. ഇ.ടി.ആർ.ഐ.യ്ക്കുവേണ്ടി നിർദ്ദേശിയ്ക്കപ്പെട്ട കാനോനികമായ സാധ്യതകൾ
10. 2013-14 സാമ്പത്തിക വർഷത്തിലെ കണക്കുകൾ, പൊതുപിരിവുകളുടെ ഉപയോഗം
11. പ്രസിഡന്റിന്റെ അനുവാദത്തോടെ, മറ്റുകാര്യങ്ങൾ ഉണ്ടെങ്കിൽ

സുന്നഹദോസ് പിതാക്കന്മാർ താഴെ പറയുന്ന വിഷയങ്ങൾ കൂടി കൂട്ടിച്ചേർക്കാൻ നിർദ്ദേശിച്ചു.

1. സമർപ്പിത വർഷാചരണം
2. സുവിശേഷസംഘം
3. തൂക്കാസയും സ്ലീബാക്കാലത്തെ പ്രാർത്ഥനയും
4. ആരാധനപരമായ ചില കാര്യങ്ങൾ
5. പ്രത്യേക നിയമത്തിലെ ഏതാനും കാനോനുകളുടെ ഭേദഗതിക്കുള്ള നിർദ്ദേശം
6. ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജന്മശതാബ്ദി

മുകളിൽ പറഞ്ഞ കൂട്ടിച്ചേർക്കലുകളോടുകൂടി സുന്നഹദോസ് പിതാക്കന്മാർ നിർദ്ദിഷ്ട വിഷയാനുക്രമണിക അംഗീകരിച്ചു.

**റിപ്പോർട്ടവതരണം**

2014 മാർച്ച് 10 മുതൽ 14 വരെ നടന്ന 15-ാം സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ റിപ്പോർട്ടും തീരുമാനങ്ങളും വായിച്ചു. അംഗങ്ങളുടെ നിരീക്ഷണങ്ങളും അവർ നിർദ്ദേശിച്ച തിരുത്തലുകളും രേഖപ്പെടുത്തി. പ്രസിദ്ധീകരണത്തിനുവേണ്ടി റിപ്പോർട്ട് എഡിറ്റ് ചെയ്യുകയും ചുരുക്കുകയും ചെയ്യണമെന്ന് ചൂണ്ടിക്കാണിച്ചു. അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനി റിപ്പോർട്ടും തീരു

മാനങ്ങളും പാസാക്കാമെന്ന് നിർദ്ദേശിച്ചു. അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനി നിർദ്ദേശത്തെ പിന്താങ്ങി. എല്ലാവരും കൈയ്യടിച്ച് അവ പാസ്സാക്കി.

**റിപ്പോർട്ടിൽനിന്നും തീരുമാനങ്ങളിൽനിന്നും ഉരുത്തിരിഞ്ഞ ആശയങ്ങൾ**

*തീരുമാനം-2* : മലങ്കര മേജർ സെമിനാരിയിലെ കോഴ്സുകൾ/ ക്രെഡിറ്റുകൾ പുനക്രമീകരിക്കാൻ അക്കാഡമിക് കൗൺസിലിന്റെ പഠനം-ഇത് എത്രയും വേഗം പൂർത്തിയാക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി.

*തീരുമാനം-4* : അന്യാധീനപ്പെടുത്തുന്ന വസ്തുക്കളുടെ വില സംബന്ധിച്ച്, "ഇത് രണ്ടുവർഷത്തേയ്ക്ക് ബാധകമാണ്" എന്ന വാക്യം നീക്കികളയണം. "സമയാസമയങ്ങളിൽ സുന്നഹദോസിന് ഇത് പുതുക്കാവുന്നതാണ്" എന്ന് കൂട്ടിചേർക്കാൻ നിർദ്ദേശിച്ചു.

*തീരുമാനം-6* : തൂക്കാസായെ സംബന്ധിച്ച്, മാർത്താണ്ഡം ഭദ്രാസനത്തിൽ നടപ്പിലിരിക്കുന്ന അനുഷ്ഠാനക്രമത്തിലെ പ്രത്യേകതകളും വ്യത്യാസങ്ങളും ഭദ്രാസനാദ്ധ്യക്ഷൻ തയ്യാറാക്കുകയും പ്രസിദ്ധപ്പെടുത്തേണ്ടതുമാണെന്ന് ചൂണ്ടിക്കാട്ടി.

*തീരുമാനം-7* : "വൈദീകപട്ടാഭിഷേകം ഉച്ചകഴിഞ്ഞ് നടത്താതിരിക്കുക" എന്നതിനോട് "സാധിക്കുന്നിടത്തോളം" എന്ന് കൂടി കൂട്ടിചേർക്കാൻ നിർദ്ദേശിച്ചു.

*തീരുമാനം-14 :* സുന്നഹദോസിന്റെ നേരത്തെയുള്ള തീരുമാനമനുസരിച്ച്, പൗരസ്ത്യ കാനൻ നിയമം നം. 709 § 2-ഉം മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേക കാനൻ നിയമം നം. 490-ഉം അനുസരിച്ച് "പരിശീലനം നേടിയ ഡീക്കന്മാർക്കും, ശെമ്മാശന്മാർക്കും സന്യസിനികൾക്കും വി. കുർബാന നല്കുവാൻ സഹായിക്കുന്നതിനുള്ള അധികാരം നൽകാവുന്നതാണ്. മാർത്താണ്ഡം ഭദ്രാസനത്തിനും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ അത്യാവശ്യമുള്ള ഇടവകകൾക്കും ഇത് പരീക്ഷിക്കാവുന്നതാണ്" എന്നതിലെ "പരീക്ഷിക്കാവുന്നതാണ്" എന്ന പ്രയോഗം മാറ്റുക.

**പര്യാലോചനകൾ**

1. **മലങ്കര സഭാസംഗമത്തിന്റെയും 84-ാം പുനരൈക്യദിനാഘോഷത്തിന്റെയും വിലയിരുത്തൽ**

ബത്തേരി ഭദ്രാസനത്തിൽ വച്ചു നടന്ന മലങ്കര സഭാസംഗമത്തിന്റെയും 84-ാം പുനരൈക്യദിനാഘോഷത്തിന്റെയും വിജയകരമായ നടത്തിപ്പിനെയും സംഘാടനത്തെയും സുന്നഹദോസ് അംഗങ്ങൾ വളരെയധികം ശ്ലാഘിച്ചു. ആദ്യമായിട്ട് ക്രമീകരിച്ച എഴുത്തുകാരുടെ സമ്മേളനം വിജയകരമായിരുന്നു.

അടുത്തവർഷത്തെ പുനരൈക്യദിനം 2015 സെപ്റ്റംബർ 20 ഞായറാഴ്ചയാണ്. ആയതിനാൽ, പ്രധാനദിവസമായ സഭാസംഗമത്തിന്റെ സമാപനദിവസം, ഒരു പൊതു അവധിദിവസം കൂടിയായ, 2015 സെപ്റ്റംബർ 21 തിങ്കളാഴ്ചയായിരിക്കും വിവിധ സമിതികളുടെ സമ്മേളനങ്ങളും എം.സി.വൈ.എം. ക്വിസ് പരിപാടിയും 2015 സെപ്റ്റംബർ 20-ന് നടത്താവുന്നതാണ്. ഇത് സമർപ്പിതവർഷമായതുകൊണ്ട് സന്ന്യസ്തരുടെ ഒരു സമ്മേളനം സഭാസംഗമത്തിന്റെ ഏതെങ്കിലും ഒരുദിവസം നടത്താവുന്നതാണ്.

**ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 61–ാമത് ഓർമ്മ പ്പെരുന്നാളാചരണത്തിന്റെ വിലയിരുത്തൽ**

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഈ വർഷത്തെ ഓർമ്മ പ്പെരുന്നാളാചരണത്തിൽ പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിന്റെ സെക്രട്ടറി ആർച്ചുബിഷപ്പ് സിറിൽ വാസിൽ SJ, തെക്കെ അറേബ്യൻ വികാരി യേറ്റിന്റെ അപ്പസ്തോലിക് വികാരി അഭിവന്ദ്യ പോൾ ഹിന്റർ OFM Cap., വടക്കെ അറേബ്യൻ വികാരിയേറ്റിന്റെ അപ്പസ്തോലിക്ക് വികാരി അഭിവന്ദ്യ കമീല്ലോ ബല്ലിൻ MCCI എന്നിവർ പങ്കെടുത്തു. ഇത്തരം സന്ദർശനങ്ങൾ നമ്മുടെ സഭയ്ക്ക് സാർവത്രികസഭയിൽ തുറവിലഭിക്കാനും ലോകത്തിൽ അതിന്റെ സ്വരം കേൾക്കുവാനും ഇടയാക്കും.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിടത്തിലേക്കുള്ള പദയാത്രയിൽ പങ്കെടുക്കുന്ന വിശ്വാസികളുടെ വർദ്ധിച്ചുവരുന്ന തീഷ്ണതയും ഭക്തിയും പരിശുദ്ധ സുന്നഹദോസിന് പ്രചോദനമായി. വിവിധ സ്ഥലങ്ങളിൽനിന്നും സംഘടിച്ച പദയാത്രയിൽ പങ്കെടുക്കുന്ന വിശ്വാസികളുടെ എണ്ണത്തിലുള്ള വർദ്ധനവ് ദൈവദാസന്റെ വിശുദ്ധിയുടെ പരിമളം വ്യാപിക്കുന്നതിന്റെ അടയാളമാണ്. ഈ ഭക്തിയും തീഷ്ണതയുമാണ് അത്ഭുതങ്ങൾ സംഭവിക്കുന്നതിലേയ്ക്ക് നയിക്കുന്നത്. പെരുനാട്ടിൽനിന്നുള്ള പ്രധാനപദയാത്രയുടെ രണ്ടാംദിവസത്തെ അധികദൂരയാത്ര ഒഴിവാക്കാൻ ആ ദിവസത്തെ വഴി പുനക്രമീകരിക്കാവുന്നതാ ണെന്ന് നിർദ്ദേശിച്ചു.

**സുന്നഹദോസ് കമ്മീഷനുകൾ - നിയമാവലിയും പ്രവർത്തനരേഖയും**

പ്രസ്തുത വിഷയം അവതരിപ്പിക്കുവാൻ സുന്നഹദോസ് കമ്മീഷനുകളുടെ കോർഡിനേറ്ററായ കൂരിയാ മെത്രാൻ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയോട് അത്യഭിവന്ദ്യ കാതോലിക്കാബാവാ ആവശ്യപ്പെട്ടു. സുന്നഹദോസ് കമ്മീഷനുകളുടെ പ്രവർത്തനങ്ങൾ പുനർജ്ജീവിപ്പിക്കുന്നതിനുവേണ്ടി നടത്തിയ കമ്മീഷൻ സെക്രട്ടറിമാരുടെ വിവിധ മീറ്റിംഗുകളിലേയ്ക്ക് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ശ്രദ്ധയിൽപ്പെടുത്തി. അതാതു കമ്മീഷന്റെ പ്രവർത്തന മാർഗരേഖയുടെ കരടുരേഖ തയ്യാറാക്കി നൽകുകയും കോർഡിനേറ്റർ അത് ഒരുമിച്ചുകൂട്ടി സുന്നഹദോസിന്റെ അംഗീകാരത്തിനായി അവതരിപ്പിക്കാമെന്നും അവസാനത്തെ മീറ്റിംഗിൽ സെക്രട്ടറിമാർ സമ്മതിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. എന്നിരുന്നാലും രണ്ടുമൂന്ന് സുന്നഹദോസ് കമ്മീഷനുകൾ ഒഴികെ ആരും ഇതിനെ ഗൗരവമായി എടുക്കുകയോ, ആ ജോലി ചെയ്യുകയോ ചെയ്തില്ല. ഈ സാഹചര്യ ത്തിൽ, കമ്മീഷനുകൾക്കുവേണ്ടിയുള്ള പൊതുമാർഗരേഖയും പ്രത്യേക മാർഗ്ഗരേഖയും തയ്യാറാക്കി അടുത്ത സുന്നഹദോസിൽ അവതരിപ്പിക്കുവാൻ അഭിവന്ദ്യരായ വിൻസെന്റ് മാർ പൗലോസ്, സാമുവൽ മാർ ഐറേനിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ്, തോമസ് മാർ അന്തോണിയോസ് എന്നിവ രോട് ആവശ്യപ്പെട്ടു.

**സാമൂഹ്യപ്രവർത്തനത്തിനും സുന്നഹദോസ് കമ്മീഷനും കാരിത്താസ് മലങ്കരയും**

നമ്മുടെ സഭയിലെ എല്ലാ സാമൂഹ്യസേവന സൊസൈറ്റികളുടെയും പ്രവർത്ത നങ്ങളെയും ഒരുകുടക്കീഴിൽ എകോപിപ്പിക്കുന്നതിനുള്ള കാരിത്താസ്

മലങ്കരയ്ക്കുവേണ്ടിയുള്ള നിർദ്ദേശങ്ങളും നിയമാവലിയും അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി അവതരിപ്പിച്ചു. പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പ്രസ്തുത നിയമാവലി പഠനവിധേയമാക്കുകയും ആവശ്യമായ ഭേദഗതികൾ നിർദേശിക്കുകയും ചെയ്തു. 'കാരിത്താസ്' എന്ന ഒരേപേരിൽ ദേശീയവും അന്തർദേശീയവുമായ ധാരാളം സാമൂഹികസേവന സംഘടനകൾ ഉള്ളതിനാൽ, സംശയം ഉണ്ടാകാൻ സാധ്യത ഉള്ളതുകൊണ്ട് പ്രസ്തുത സംഘടനയുടെ പേരിന്റെ ആദ്യ ഭാഗത്തിന് മറ്റൊരു പേര് കണ്ടുപിടിക്കാൻ കമ്മീഷനോട് പരി. സുന്നഹദോസ് ആവശ്യപ്പെട്ടു. നിയമാവലിയുടെ കരടുരേഖയ്ക്ക് അന്തിമമായ അംഗീകാരം നൽകൽ മാറ്റിവച്ചു.

**വൈദിക പരിശീലനത്തിനു വേണ്ടിയുള്ള രേഖ**

വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനുവേണ്ടിയുള്ള വൈദിക പരിശീലനത്തിന്റെ രേഖ തയ്യാറാക്കുന്നതിനായുള്ള കഴിഞ്ഞ സുന്നഹദോസിലെ നിർദ്ദേശം ചർച്ചയ്ക്കെടുത്തു. പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗങ്ങളുടെ പങ്കുവയ്ക്കൽ പ്രസ്തുത രേഖ തയ്യാറാക്കാനായി ഉണ്ടാക്കിയ സമിതിയിലെ അംഗങ്ങളായ അഭിവന്ദ്യരായ മാർ യൂലിയോസ്, മാർ ഇഗ്നാത്തിയോസ്, മാർ സ്തേഫാനോസ്, മാർ യൗസേബിയോസ്, മാർ കൂറിലോസ് എന്നിവർക്ക് തുടർ നിർദേശം നൽകുകയും അത് 2015 ഫെബ്രുവരിയിൽ നടക്കുന്ന സുന്നഹദോസിൽ അവതരിപ്പിക്കണമെന്ന നിർദേശം നൽകുകയും ചെയ്തു.

**ഇ.റ്റി.ആർ.ഐ-യ്ക്കുവേണ്ടി നിർദ്ദേശിക്കപ്പെട്ട കാനോനിക്കൽ പ്രൊവിഷൻ.**

നമ്മുടെ സഭയുടെ നൈയാമിക അതിർത്തിക്കു പുറത്തുള്ള (*territrorium proprium*) ഇന്ത്യയിലെ ക്രൈസ്തവരുടെ അജപാലന ശുശ്രൂഷയ്ക്കുവേണ്ടിയുള്ള കാനോനിക സാധ്യതകൾക്കായി (*Canonical Provision*) പരിശുദ്ധ സിംഹാസനത്തിനു സമർപ്പിച്ച നിർദ്ദേശം അത്യഭിവന്ദ്യ കാതോലിക്കാബാവാ സുന്നഹദോസിൽ അവതരിപ്പിച്ചു. പരി. സിംഹാസനത്തിന്റെ കാര്യാലയത്തിൽ നിന്നും ഇതുവരെ നമുക്ക് ഒരു മറുപടിയും ലഭിക്കാത്തതിനാൽ പരി. പിതാവിന് നേരിട്ട് അപേക്ഷ നൽകാമെന്ന് നിർദേശിക്കപ്പെട്ടു. 2014 ഒക്ടോബറിൽ റോമിൽ മെത്രാന്മാരുടെ സുന്നഹദോസ് നടക്കുമ്പോൾ പരിശുദ്ധ പിതാവും കാതോലിക്കാബാവായുമായുള്ള കൂടികാഴ്ചയുടെ സമയത്ത് ഇത് സാധിതമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**2013-'14 സാമ്പത്തികവർഷത്തെ കണക്കുകൾ; പൊതുപിരിവുകളുടെ വിനിയോഗം**

മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായുടെ കണക്കുകൾ അവതരിപ്പിക്കുവാൻ, ഫിനാൻസ് ഓഫീസർ റവ. ഫാദർ തോമസ് പാറയ്ക്കലിനെ പരി. സുന്നഹദോസിലേയ്ക്ക് ക്ഷണിച്ചു. അദ്ദേഹം അത് അവതരിപ്പിക്കുകയും ആവശ്യമായ ചർച്ചയ്ക്കും വിശദീകരണങ്ങൾക്കുംശേഷം പരി. സുന്നഹദോസ് കണക്കുകൾ അംഗീകരിച്ചു. അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് തിരുമേനി കണക്ക് പാസ്സാക്കാമെന്ന് നിർദ്ദേശിക്കുകയും അഭിവന്ദ്യ ഫീലിപ്പോസ് മാർ സ്തേഫാനോസ് തിരുമേനി അതു പിൻതാങ്ങുകയും എല്ലാവരും കൈയ്യടിച്ച് പാസ്സാക്കുകയും ചെയ്തു.

അതിനുശേഷം, അല്മായദിനം, യുവജനദിനം പോലുള്ള ദിനങ്ങളിലെ

സംഭാവനകളായ "പൊതുസംഭാവനകളുടെ വിനിയോഗം" സംബന്ധിച്ച ചർച്ചകൾ നടന്നു. കണക്കുകൾ കൈകാര്യം ചെയ്യുന്നതിനും അതിന്റെ വിനിയോഗത്തിനുമായി താഴെ പറയുന്ന മാർഗനിർദ്ദേശങ്ങളിൽ പൊതുഅഭിപ്രായമുണ്ടായി.

1. അല്മായദിനത്തിന്റെയും യുവജനദിനത്തിന്റെയും സ്തോത്രകാഴ്ചകൾ നമ്മുടെ സഭയിലെ അല്മായരുടെയും യുവജനങ്ങളുടെയും പ്രേഷിതപ്രവർത്തനത്തിനായി മാറ്റിവച്ചിരിക്കുന്നു. മറ്റേതെങ്കിലും പ്രത്യേക സംഘടനയ്ക്കോ, സമിതിയ്ക്കോവേണ്ടി ഇത് മാറ്റിവയ്ക്കപ്പെട്ടിട്ടില്ലാത്തതിനാൽ അവർക്കും അനുവദിക്കാവുന്നതാണ്. ഒരു സംഘടനയ്ക്കും ഈ തുകയുടെ മേൽ ഏകപക്ഷീയമായ അവകാശവാദം ഉണ്ടായിരിക്കുന്നതല്ല.

2. മുകളിൽ പറഞ്ഞ പ്രത്യേക ഉദ്ദേശത്തോടുകൂടി മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായുടെ അക്കൗണ്ടിലേയ്ക്ക് സംഭാവനകൾ സ്വീകരിക്കുന്നു. ആയതിനാൽ, ഈ ഉദ്ദേശത്തിനായുള്ള അക്കൗണ്ടിലേയ്ക്ക് മാത്രമേ പണം കൈമാറാവൂ.

3. ബന്ധപ്പെട്ട കമ്മീഷന്റെ ചെയർമാനും സെക്രട്ടറിയും ചേർന്ന സംയുക്ത അക്കൗണ്ടിലേയ്ക്ക് അയയ്ക്കുന്ന തുകയുടെ സ്വീകർത്താവ് അതാത് സുന്നഹദോസ് കമ്മീഷനായിരിക്കും. സുന്നഹദോസ് കമ്മീഷൻ അംഗങ്ങളുടെ കൂടിയാലോചനയോടുകൂടി സുന്നഹദോസ് കമ്മീഷന്റെ പ്രവർത്തനങ്ങൾക്കും ഇതേ കമ്മീഷൻ ഏകോപിപ്പിക്കുന്ന വിവിധ സമിതികൾക്കുമായി കമ്മീഷൻ ചെയർമാൻ പണം അനുവദിക്കുന്നു. പ്രസ്തുത തീരുമാനം നടപ്പിലാക്കേണ്ടത് കമ്മീഷൻ സെക്രട്ടറിയാണ്.

4. അതാതു സുന്നഹദോസ് കമ്മീഷന്റെ ബാങ്ക് അക്കൗണ്ട് മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ അക്കൗണ്ടിന്റെ അനുബന്ധ അക്കൗണ്ട് ആയിരിക്കും. കമ്മീഷന്റെ വരവ് ചിലവുകൾ, മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായുടെയും വരവു ചിലവുകൾ ആയിരിക്കും. ആയതിനാൽ, പൊതുനിയമ പ്രകാരം മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായുടെ പൊതുകണക്കിൽ ഉൾപ്പെടുത്താനും ഓഡിറ്റ് ചെയ്യാനുമായി അതാതു കമ്മീഷനുകൾ തങ്ങളുടെ കണക്കുകൾ കൂരിയായുടെ ഫിനാൻസ് ഓഫീസർക്ക് നല്കേണ്ടതാണ്.

5. കമ്മീഷന്റെ കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടത് സുന്നഹദോസ് കമ്മീഷൻ സെക്രട്ടറിയാണ്.

6. മുകളിൽ പറഞ്ഞ മാനദണ്ഡമനുസരിച്ച് ഒരു സംഘടനയ്ക്കോ, സമിതിക്കോ പണം അനുവദിക്കാവുന്നതാണ്. എന്നിരുന്നാലും സംഘടനയുടെ/ സമതിയുടെ വരവു ചിലവുകണക്കുകൾ സുന്നഹദോസ് കമ്മീഷന്റെ വരവു ചിലവുമായി കൂട്ടികുഴയ്ക്കാൻ പാടില്ല.

**സമർപ്പിതവർഷാചരണം**

രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ "പരിപൂർണ സ്നേഹം" (Perfectae Cariatis) എന്ന ഡിക്രി പ്രസിദ്ധപ്പെടുത്തിയതിന്റെ സുവർണജൂബിലി അവസരത്തിൽ, സഭയിലെ സന്യസ്ത ജീവിതത്തിന്റെ കാലാനുസൃതമായ നവീകരണത്തിനായി, പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ച 2015 വർഷത്തിലെ സമർപ്പിതവർഷം എങ്ങനെ ആചരിക്കും? ആഗോള സഭയിൽ സന്ന്യാസജീവിത

ത്തിലേയ്ക്കുള്ള ദൈവവിളി കുറഞ്ഞുവരുന്ന സാഹചര്യത്തിലും അതിന്റെ അനുരണനങ്ങൾ നമ്മുടെ പ്രാദേശികമായ സാഹചര്യത്തിലും പ്രതിഫലിക്കുന്നതിന്റെ പശ്ചാത്തലത്തിലും ഫ്രാൻസിസ് മാർപാപ്പായുടെ തീരുമാനത്തെ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സ്വാഗതം ചെയ്തു. സഭയുടെ ആദ്യ നൂറ്റാണ്ടു മുതൽ നാം മനസിലാക്കിയിരുന്നതുപോലെ സന്ന്യാസ ജീവിതത്തെ സഭയുടെ സമ്പത്തായി കാണാൻ പരി. സുന്നഹദോസ് എല്ലാവരെയും ആഹ്വാനം ചെയ്തു. സമർപ്പിതവർഷം ആചരിക്കുന്നതിനായി പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നൽകുന്ന നിർദ്ദേശങ്ങൾ താഴെപറയുന്നവയാണ്.

1. സമർപ്പിതവർഷത്തെ സ്വാഗതം ചെയ്തുകൊണ്ടും നമ്മുടെ സഭയിൽ അതിനെ പൊതുവായി അവതരിപ്പിച്ചുകൊണ്ടും നമ്മുടെ സഭയുടെ തലവനും പിതാവും ഒരു ഇടയലേഖനം പുറപ്പെടുവിക്കുക.
2. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ 2014 നവംബർ 30-ന് സമർപ്പിത വർഷം ഉദ്ഘാടനം ചെയ്യുന്നതാണ്. എല്ലാ ഭദ്രാസനാദ്ധ്യക്ഷന്മാർ, എക്സാർക്ക്, അപ്പസ്തോലിക്ക് വിസിറ്റേറ്റർ, അതാതു ഭദ്രാസന/ എക്സാർക്കേറ്റ്/ ഇ.റ്റി.ആർ. ഐ കത്തീഡ്രൽ പള്ളിയിൽ സന്ന്യസ്തരേയും മറ്റ് ക്രിസ്തീയ വിശ്വാസികളെയും ക്ഷണിച്ച്, വി. കുർബാന അർപ്പിച്ച് സമർപ്പിത വർഷം ഉദ്ഘാടനം ചെയ്യണം.
3. തിരുവല്ലാ അതിഭദ്രാസനം ആതിഥ്യം വഹിക്കുന്ന 85-ാമത് പുനരൈക്യവാർഷികത്തോടും സഭാകൂട്ടായ്മയോടനുബന്ധിച്ച്, മറ്റ് ക്രിസ്തീയ വിശ്വാസികളുമൊന്നിച്ചുള്ള സന്യസ്തരുടെ സഭാതല സംഗമം വിളിച്ചുകൂട്ടേണ്ടതാണ്.
4. സന്യസ്തരുടെ പ്രേഷിതപ്രവർത്തനവും സന്യാസത്തിലേക്കുള്ള ദൈവവിളിയും പ്രോത്സാഹിപ്പിക്കുന്നതിനായി ഓരോ ഭദ്രാസന /എക്സാർക്കേറ്റ് / ഇ.റ്റി.ആർ.ഐ/ തലത്തിലെ സന്യസ്തരെ അതാതു ഭദ്രാസനാദ്ധ്യക്ഷൻ / എക്സാർക്ക് / അപ്പസ്തോലിക്ക് വിസിറ്റേറ്റർ/ ഒരുമിച്ചുകൂട്ടേണ്ടതാണ്.
5. സന്യസ്തരുടെ മാതാപിതാക്കളെ ആദരിക്കണം
6. വിദേശരാജ്യങ്ങളിൽ പ്രേഷിതപ്രവർത്തനം നടത്തുന്ന സന്യസ്തരുടെ പ്രവർത്തനങ്ങളെ തിരിച്ചറിഞ്ഞ് പ്രശംസിക്കണം.

**സുവിശേഷസംഘത്തിന്റെ പുരോഗതി**

സുവിശേഷ സംഘത്തിന്റെ പുരോഗതിയെക്കുറിച്ച് വിവരിക്കുന്നതിന് റവ ഫാദർ ആന്റണി കാക്കനാട്ടിനെ പരി. സുന്നഹദോസിലേയ്ക്ക് ക്ഷണിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആദ്ധ്യാത്മിക പൈതൃകം അതിന്റെ ആഴത്തിൽ സുവിശേഷസംഘം ജീവിക്കുവാൻ ശ്രമിക്കുന്നുവെന്ന് അദ്ദേഹം റിപ്പോർട്ടിൽ എടുത്തുപറഞ്ഞു. സഭയുടെ ആദ്ധ്യാത്മികതയിൽ ജീവിക്കുമ്പോഴും വചന ശുശ്രൂഷയ്ക്ക് ഒരുമിച്ചു കൂടുമ്പോഴും പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം നിലവിലുള്ള അംഗങ്ങൾക്ക് ആഴത്തിൽ അനുഭവപ്പെടുന്നു. സുവിശേഷ സംഘാംഗങ്ങൾ തീഷ്ണമായി യാമപ്രാർത്ഥനകൾ നടത്തുന്നു, ഒരുവർഷത്തിലെ മുഴുവൻ നോമ്പും 114 ദിവസങ്ങളിലായി ആചരിക്കുന്നു, രാവിലെയും വൈകിട്ടും ദൈവവചനം വായിക്കുന്നു, കുമ്പസാരമെന്ന കൂദാശയ്ക്ക് അണയുന്നു. വ്യക്തികൾ മാനസാന്ത

രവും ആത്മാവിലുള്ള വളർച്ചയും അനുഭവിക്കുന്നു. സഭയിലെ ശുശ്രൂഷകൾ ഏറ്റെടുക്കാനുള്ള ശുഷ്ക്കാന്തി വർദ്ധിച്ചുവരുന്നു. സുവിശേഷസംഘം രൂപികരിക്കപ്പെട്ട ഇടവകകളിൽ സുവിശേഷത്തിന്റെ പരിമളം വ്യാപിക്കുകയും മറ്റുള്ളവർ ഇത് തിരിച്ചറിയുകയും ചെയ്യുന്നു. ചില ഇടവകകളിൽ ഇടവക വികാരിയുടെ നേതൃത്വത്തിൽ ആഴ്ചയിൽ ഒരിക്കൽ ആരാധനയും പ്രാർത്ഥനാകൂട്ടായ്മയും നടക്കുന്നു. ബ. ആന്റണി അച്ചൻ സുവിശേഷസംഘത്തിന്റെ പൊതുവേയുള്ള വ്യാപനത്തിലും വളർച്ചയിലും സംതൃപ്തി പ്രകടിപ്പിച്ചു. എന്നിരുന്നാലും, സുവിശേഷ സംഘം ഇടവകതലത്തിൽ കൂടുതലായി നട്ടുപിടിപ്പിക്കുകയും പ്രവർത്തനോന്മുഖമാക്കുകയും ചെയ്യണമെന്ന് ബ. അച്ചൻ ചൂണ്ടികാട്ടി.

സുവിശേഷസംഘത്തിനുവേണ്ടിയുള്ള ബ. ആന്റണി കാക്കനാട്ട് അച്ചന്റെ ആഴമായ സമർപ്പണത്തേയും നേതൃത്വത്തേയും സുവിശേഷ പ്രഘോഷണത്തിനു വേണ്ടിയുള്ള സുനഹദോസ് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി അഭിനന്ദിച്ചു. അത്യഭിവന്ദ്യ കാതോലിക്കാബാവാ അതേ വികാരം പ്രകടിപ്പിക്കുകയും സുന്നഹദോസ് പിതാക്കന്മാരോട് സുവിശേഷ സംഘത്തെ വളർത്തുകയും അവരുടെ ഭദ്രാസനങ്ങളിൽ സുവിശേഷസംഘം സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാൻ പ്രചോദിപ്പിക്കുകയും ചെയ്യണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്തു.

**തൂക്കാസായും സ്ലീബാക്കാല പ്രാർത്ഥനയും**

ഈ അടുത്തസമയത്ത് പ്രസിദ്ധീകരിച്ച അനുഷ്ഠാനക്രമങ്ങൾ (തൂക്കാസാ) പരി. സുന്നഹദോസിൽ അവതരിപ്പിച്ചു. പുസ്തകം പരിചയപ്പെടുത്തുന്നതിനും കൂദാശകളിലും കൂദാശാനുകരണത്തിലും തൂക്കാസായിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും നമ്മുടെ സഭയിലെ വൈദികർക്ക് അവബോധം നൽകുന്നതിനുമായി ഓരോ ഭദ്രാസനത്തിലും വൈദികർക്കും സന്യാസ സമൂഹത്തിലെ അംഗങ്ങൾക്കും വേണ്ടി ഓരോ ഭദ്രാസനത്തിലും ഒരു മീറ്റിംഗ് നടത്തണമെന്ന് പരി. സുന്നഹദോസ് നിർദേശിച്ചു. സുന്നഹദോസ് കമ്മീഷൻ ചെയർമാൻ, കമ്മീഷൻ അംഗങ്ങളായ ബഹു. വൈദികരായ തോമസ് പണിക്കർ, കുരിയാക്കോസ് തടത്തിൽ, ഐസക് പറപ്പള്ളിൽ എന്നിവർ ഇക്കാര്യത്തിൽ അവർക്കുവേണ്ട നിർദ്ദേശം നൽകാവുന്നതാണ്.

സ്ലീബാക്കാലത്തിലെ ഞായറാഴ്ചകളിലെ രാത്രിപ്രാർത്ഥനയുടെ പരിഭാഷപ്പെടുത്തിയ പുസ്തകം ആരാധനക്രമങ്ങൾക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനി അംഗീകാരത്തിനായി സുന്നഹദോസിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. പുസ്തകം പഠനത്തിനായി നിർദേശിച്ചു, അംഗീകാരം പിന്നീട് നല്കാൻ മാറ്റിവച്ചു.

**ആരാധനക്രമപരമായ കാര്യങ്ങൾ**

ആരാധനക്രമത്തിൽ ചില കൂട്ടിചേർക്കലും നീക്കികളയലും നടത്തിയത് സുന്നഹദോസിന്റെ ശ്രദ്ധയിൽകൊണ്ടുവന്നു. വി. കുർബാനയിൽ ബസുമൽക്കോയുടെ സ്ഥാനത്ത് വിശുദ്ധ കന്യകമറിയത്തോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന ഉൾപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടു. ഇത് നിർത്തലാക്കണമെന്ന് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിർദ്ദേശിച്ചു. അതുപോലെതന്നെ എല്ലാ വി. കുർബാനയിലും 6 തുബ്ദേനുകളും ചൊല്ലണമെന്ന് അഭിപ്രായപ്പെട്ടു.

**പ്രത്യേക നിയമസംഹിതയിലെ ചില കാനോനകൾ ഭേദഗതിചെയ്യാനുള്ള നിർദ്ദേശം**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേക നിയമസംഹിതയിലെ ചില കാനോനകൾ, ഉദാഹരണത്തിന് C146, യഥാർത്ഥ സാഹചര്യവുമായി ചേർന്നു പോകാത്തിതിനാൽ, ഭേദഗതിചെയ്യേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി. എന്നിരുന്നാലും വിശദമായ പഠനം നടത്തി സമഗ്രമായ നിർദ്ദേങ്ങൾ ഭേദഗതിക്കായി സമർപ്പിക്കേണ്ടതാണെന്ന് പരി. സുന്നഹദോസ് അഭിപ്രായപ്പെട്ടു. ആയതിനാൽ, അടുത്ത പരി. സുന്നഹദോസിന്റെ അംഗീകാരത്തിനായി ഈ വിഷയം മാറ്റിവച്ചു.

**ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജന്മശതാബ്ദി**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ രണ്ടാമത്തെ മെത്രാപോലീത്തൻ ആർച്ചബിഷപ്പ് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ജന്മശതാബ്ദി വർഷത്തിലേയ്ക്ക് (19-16-2016) നാം പ്രവേശിച്ചിരിക്കുകയാണ്. സമൂഹത്തിന്റെ പൊതുനന്മയ്ക്ക് ഉതകുന്ന പദ്ധതികളോടും കാര്യപരിപാടികളോടും ഈ വർഷം ആചരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

ഈ സാഹചര്യത്തിൽ, മാർ തിയോഫിലോസ് തിരുമേനിയെ പോലുള്ള ഭാഗ്യസ്മരണാർഹരായ മറ്റു പിതാക്കന്മാരുടെ പുജ്യമായ ഓർമ്മകൾക്കും സഭാജീവിതത്തിൽ അർഹമായ പ്രാധാന്യം സഭയിൽ നല്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു.

**പരി. സുന്നഹദോസ് പ്രസിഡന്റിന്റെ അനുവാദത്തോടെ മറ്റു വിഷയങ്ങൾ**

**1. ബ. തോമസ് പാറയ്ക്കലച്ചന് മേജർ ആർക്കിഎപ്പസ്ക്കോപ്പൽ കുരിയായുടെ ഫിനാൻസ് ഓഫീസർ സ്ഥാനത്തുനിന്ന് ഒഴിവുകൊടുക്കാനുള്ള അപേക്ഷ**

മേജർ ആർക്കിഎപ്പസ്ക്കോപ്പൽ കുരിയായുടെ ഫിനാൻസ് ഓഫീസറായി ഇപ്പോൾ സേവനം ചെയ്യുന്ന തിരുവല്ലാ അതിഭദ്രാസനത്തിലെ ബ. തോമസ് പാറയ്ക്കലച്ചന്റെ സേവനം പുഷ്പഗിരി മെഡിക്കൽ കോളേജിൽ അനിവാര്യമായതിനാൽ, കൂരിയായുടെ ഫിനാൻസ് ഓഫീസർ സ്ഥാനത്തുനിന്ന് ഒഴിവുകൊടുക്കണമെന്ന് തിരുവല്ലാ അതിഭദ്രാസനത്തിന്റെ ആർച്ചുബിഷപ്പ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവ് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിനോട് അപേക്ഷിച്ചു. പ്രസ്തുത അപേക്ഷയ്ക്ക് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അനുമതി നൽകി.

തിരുവല്ലാ അതിഭദ്രാസനത്തിൽ ചക്കുപള്ളം, അണക്കര ഇടവകകളുടെ ഇപ്പോഴത്തെ വികാരി റവ. ഫാ വറുഗീസ് അങ്ങാടിയിലിനെ കൂരിയായുടെ പുതിയ ഫിനാൻസ് ഓഫീസറായി നിയമിക്കാവുന്നതാണെന്ന് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവ് നിർദ്ദേശിച്ചു. പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിർദ്ദേശം അംഗീകരിച്ചു. റവ. ഫാ വറുഗീസ് അങ്ങാടിൽ ഓഫീസിലെ ജോലി പരിചയപ്പെട്ടതിനുശേഷം 2015 ജനുവരി ആദ്യം റവ. ഫാ തോമസ് പാറയ്ക്കലിന് വിടുതൽ നൽകാമെന്ന് പറഞ്ഞു.

**2. കെ.സി.ബി.സി. ബൈബിൾ സൊസൈറ്റിയുടെ അംഗത്വം**

കേരള കത്തോലിക്കാ ബിഷപ്പസ് കൗൺസിലിന്റെ ആഭിമുഖ്യത്തിലുള്ള ബൈബിൾ സൊസൈറ്റിയിൽ വളരെക്കുറച്ച് മലങ്കര കത്തോലിക്കർ മാത്രമെ

അംഗത്വം എടുത്തിട്ടുള്ളു എന്ന് ബൈബിൾ പ്രേഷിതത്വത്തിനുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് തിരുമേനി പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ശ്രദ്ധയിൽപ്പെടുത്തി. മലങ്കര കത്തോലിക്കരുടെ ഇടയിൽ അംഗത്വം നിർബന്ധമാക്കണമെന്ന് സൊസൈറ്റി പലപ്പോഴും നമ്മോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആവശ്യമായത് ചെയ്യാൻ എല്ലാ ഭദ്രാസ നാദ്ധ്യക്ഷന്മാരേയും പരി. സുന്നഹദോസ് പ്രേരിപ്പിച്ചു.

ബൈബിൾ പ്രേഷിതത്വത്തിനുവേണ്ടിയുള്ള കമ്മീഷൻ സെക്രട്ടറി ബഹു. ഫാ. ദേവദാസ് തെങ്ങുവിളയിൽ തമിഴ്നാട്ടിലെ മാർത്താണ്ഡം ഭദ്രാസനത്തിൽ നിന്നുള്ളതിനാൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷനിൽ നമ്മുടെ സഭയെ പ്രതിനിധീകരിക്കുവാൻ അദ്ദേഹത്തിനു സാധിക്കുകയില്ല. ആയതിനാൽ, ബഹു. ഫാ. കുര്യൻ വാലുപറമ്പിൽ നമ്മുടെ സഭയെ പ്രതിനിധിയായി ഈ കമ്മീഷനിൽ തുടരേണ്ടതാണ്.

**3. മലങ്കര സുറിയാനി കത്തോലിക്കാസഭ ഡയറക്ടറി**

മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് പുതിയ ഡയറക്ടറി പ്രസിദ്ധീക രിക്കണമെന്ന് നിർദ്ദേശിച്ചു. 2011-ലാണ് അവസാനമായി ഡയറക്ടറി പ്രസിദ്ധീകരി ച്ചത്. 2015 ജൂണിൽ പുതിയ ഡയറക്ടറി പ്രസിദ്ധീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തു. കൂരിയാ മെത്രാൻ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവിനെ ഇതിന്റെ ചുമതല ഏല്പിച്ചു.

**4. മേജർ സെമിനാരിയുടെ വിലയിരുത്തൽ**

പുതിയ റെക്ടർ ബഹു. ഫാ. ഡാനിയേൽ മാണികുളത്തിന്റെ നിയമനത്തിനുശേഷം മലങ്കര മേജർ സെമിനാരിയിലെ ജീവിതവും പ്രവർത്തനവും ഇപ്പോഴത്തെ അച്ചടക്ക നിലവാരവും പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അവലോകനം നടത്തി. ഈ അദ്ധ്യയനവർഷത്തിൽ തത്വശാസ്ത്ര വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ പരിസമാ പ്തിയിലേയ്ക്ക് വരുകയാണ്. അജപാലന പരിചയ പരിപാടികൾ (Pastoral experience programmes) ചർച്ചയ്ക്കെടുത്തു. നിലവിലെ ചില 'ജനകീയ സമീപനങ്ങൾ' ശരിയായി വിലയിരുത്തേണ്ടത് ആവശ്യമാണ്. പരിശീലന പരിപാ ടിയിൽ സ്റ്റാഫിന്റെ പങ്കും വിലയിരുത്തി.

**5. ഡീക്കന്മാർക്കും നവവൈദികർക്കും വേണ്ടിയുള്ള 2014-ലെ പാസ്റ്ററൽ കോഴ്സ്**

2014 നവംബർ അവസാനത്തിൽ വർഷാവസാന പരീക്ഷയോടുകൂടി മലങ്കര മേജർ സെമിനാരിയിലെയും പൂനാ ബഥനി ആശ്രമം സെമിനാരിയിലെയും ഡീക്കന്മാരുടെ തിയോളജിപഠനം പൂർത്തിയാകുന്നു. ഡീക്കന്മാരുടെ സൗകര്യവും അവരുടെ നേരത്തെ തീരുമാനിക്കപ്പെട്ട വൈദീകപട്ടവും കണക്കിലെടുത്ത് 2015 ഡിസംബർ 1 മുതൽ 5 വരെ പാസ്റ്ററൽ കോഴ്സ് നടത്താമെന്ന് ഡീക്കന്മാർക്കും നവവൈദികർക്കുംവേണ്ടിയുള്ള പാസ്റ്ററൽ കോഴ്സിന്റെ ചുമതലവഹിക്കുന്ന ചാൻസിലർ നിർദ്ദേശിച്ചു. പ്രസ്തുത തീയതികൾ സൗകര്യപ്രദമാണെന്ന് സുന്ന ഹദോസ് പിതാക്കന്മാരും മനസ്സിലാക്കി.

ഈ സാഹചര്യത്തിൽ, നമ്മുടെ സഭയിലെ വൈദികർക്കുവേണ്ടി ഒരു പരിശീലന പരിപാടി സംഘടിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് സുന്നഹദോസ് പിതാക്കന്മാർ

അഭിപ്രായപ്പെട്ടു. ആയതിനാൽ, കഴിഞ്ഞ മൂന്നു വർഷങ്ങളിലായി വൈദികപട്ടം സ്വീകിച്ച നമ്മുടെ വൈദികർക്കുവേണ്ടിയുള്ള ഒരു കോഴ്സ് ക്രമീകരിക്കുന്നതിനുള്ള ഉത്തരവാദിത്വം അഭിവന്ദ്യരായ ഗീവർഗീസ് മാർ ദിവന്നാസിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോസഫ് മാർ തോമസ് എന്നിവരടങ്ങുന്ന ഒരു മെത്രാൻസംഘം സ്വമനസ്സാലെ ഏറ്റെടുത്തു.

**6. പതിനേഴാമത് സാധാരണ പരിശുദ്ധ സുന്നഹദോസ്**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പതിനേഴാമത് സാധാരണ പരിശുദ്ധ സുന്നഹദോസ് 2015 ഫെബ്രുവരി 23 മുതൽ 27 വരെ തിരുവനന്തപുരം, പട്ടം മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായിൽ വിളിച്ചുകൂട്ടാമെന്നു തീരുമാനിച്ചു. 2015 ഫെബ്രുവരി 23 തിങ്കളാഴ്ച രാവിലെ 9 മണിക്ക് സമൂഹബലിയോടുകൂടി സുന്നഹദോസ് ആരംഭിച്ച് ഫെബ്രുവരി 27 വൈകിട്ട് 4 മണിയോടെ അവസാനിക്കും.

**സമാപനം**

2014 സെപ്തംബർ 22 വൈകിട്ട് 4 മണിക്ക് ആരംഭിച്ച പരിശുദ്ധ സുന്നഹദോസിന്റെ അവസാന സെഷനിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ സമാപന സന്ദേശം നല്കി. മുൻ ദിവസങ്ങളിൽ ഭാരിച്ച പരിപാടികൾ ഉണ്ടായിരുന്നിട്ടും സുന്നഹദോസിന് പങ്കാളികളായതിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ സുന്നഹദോസ് പിതാക്കന്മാർക്ക് നന്ദി അർപ്പിച്ചു. അപ്പസ്തോല സമൂഹത്തിന്റെ പിൻതുടർച്ചക്കാരെന്ന നിലയിൽ ശ്ലൈഹിക പ്രേഷിത ദൗത്യമാണ് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനുള്ളതെന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി അനുസ്മരിച്ചു. പരി. ഫ്രാൻസിസ് മാർപാപ്പ നൽകുന്ന സജീവവും ഊർജസ്വലവുമായ നേതൃത്വത്തെ കാതോലിക്കാബാവാ അനുസ്മരിച്ചു: "ക്രിസ്തുവിനോടുള്ള സ്നേഹം എന്നെ നിർബന്ധിക്കുന്നു" (*Caritas Christi urget nos*) എന്ന വി. പൗലോസ് ശ്ലീഹായുടെ വാക്കുകളാണ് ഫ്രാൻസിസ് മാർപാപ്പായുടെ സഭയിലെ ഇപ്പോഴത്തെ പ്രേഷിതപ്രവർത്തനത്തെ മുന്നോട്ട് നയിക്കുന്ന പ്രേരകശക്തി."

കാതോലിക്കാബാവാ തുടർന്നു: "മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സുന്നഹദോസും നമ്മുടെ സഭയുടെ അപ്പസ്തോലിക സമൂഹത്തിന്റെ (apostolic college)പിൻതുടർച്ചയാണ്. അതുകൊണ്ടാണ്, ഇതിനെ പരിശുദ്ധമെന്ന് വിശേഷിപ്പിക്കുന്നത്. സുന്നഹദോസ് അംഗങ്ങളുടെ വിശുദ്ധിയല്ല ഇതിനെ വിശുദ്ധമാക്കുന്നത്, മറിച്ച്, സുന്നഹദോസിലുള്ള പരിശുദ്ധാത്മാവിന്റെ ജീവനുള്ള സാന്നിദ്ധ്യവും ശ്ലൈഹീക പിൻതുടർച്ചയുമാണ്. ഇക്കാരണത്താലാണ് നമുക്ക് ഉത്സാഹത്തോടും ഊർജസ്വലതയോടും മുന്നേറാനും സഭയെ നയിക്കാനും സാധിക്കുന്നത്. അതുപോലെ, നമ്മെ സന്ദർശിക്കുന്ന പിതാക്കന്മാർ പലപ്പോഴും ചൂണ്ടികാട്ടിയിട്ടുള്ള നമ്മുടെ ആളുകളുടെ സ്നേഹവും ഉത്സാഹവും, നമ്മെ ഈ ശുശ്രൂഷയിൽ പ്രചോദിപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ സ്നേഹവാത്സല്യം നമ്മുടെ സമൂഹത്തിലും നാം അനുഭവിക്കുന്നു. നാം വഹിക്കുന്ന ഭാരമേറിയ ഉത്തരവാദിത്വങ്ങൾക്കിടയിലും ആകുലതകളില്ലാതെ സന്തോഷിക്കാൻ നമുക്ക് സാധിക്കുന്നതിനുള്ള കാരണം ഇത് മാത്രമാണ്."

സഭാജീവിതത്തിലെ ദൈവീക ഇടപെടലിനെ അനുസ്മരിച്ചുകൊണ്ട് സഹോദരമെത്രാപ്പോലീത്താമാരുടെ പ്രാർത്ഥനാസഹായം അത്യഭിവന്ദ്യ കാതോലിക്കാ

ബാവാ അഭ്യർത്ഥിച്ചു. "നമ്മുടെ സഭയോട് നടത്തിയിരിക്കുന്ന വാഗ്ദാനങ്ങളിൽനിന്ന് ദൈവം ഒരിക്കലും പിന്നോട്ടു പോകില്ല. യേശുക്രിസ്തു ഇന്നലെയു ഇന്നും എന്നും നമുക്ക് ഒരാൾതന്നെയാണ്. ഇതാണ് സുന്നഹദോസ് പിതാക്കന്മാരുടെ ശക്തി. എന്റെ പ്രിയപ്പെട്ട ആദരണീയരായ സഹോദരരേ, നിങ്ങളുടെ പ്രാർത്ഥന എന്നെ ശക്തിപ്പെടുത്തുന്നു എന്ന കാര്യം ഞാൻ നന്ദിയോടെ ഓർക്കുന്നു, തുടർന്നും നിങ്ങളുടെ പ്രാർത്ഥന ഞാൻ അവശ്യപ്പെടുന്നു."

84-ാം പുനരൈക്യ വാർഷികത്തിന്റെയും സഭാസംഗമത്തിന്റെയും വിജയകരമായ ആഘോഷങ്ങൾക്കുശേഷം സുന്നഹദോസ് സമ്മേളനത്തിന് സ്ഥലമൊരുക്കിയ ബത്തേരി ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവിന് കാതോലിക്കാബാവാ നന്ദി അർപ്പിച്ചു. ബത്തേരി ഭദ്രാസനത്തിൽ അദ്ദേഹം നടത്തുന്ന മഹത്തായ നേതൃത്വത്തെ കാതോലിക്കാബാവാ അത്യധികം ശ്ലാഘിച്ചു. ആഘോഷങ്ങൾ വൻവിജയമാക്കുന്നതിന് ആത്മാർത്ഥമായി സഹകരിക്കുകയും സമർപ്പിക്കുകയും ചെയ്ത ബത്തേരി ഭദ്രാസനത്തിലെ വൈദികരെയും സമർപ്പിതരെയും അത്മായരെയും കാതോലിക്കാബാവാ പ്രശംസിച്ചു. "ബത്തേരി ഭദ്രാസനത്തിനും മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കു മുഴുവനും ഈ സംഭവം പ്രചോദനവും ദിശാബോധവും നൽകി. മെത്രാന്മാരോടും, വൈദികരോടും, സന്യസ്തരോടും, അത്മായരോടും വ്യക്തിപരമായി അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവ് കാണിച്ച കരുതലിനെ ഞാൻ നന്ദിപൂർവം ഓർക്കുന്നു. ബത്തേരി ഭദ്രാസനത്തിന്റെ മുൻ മെത്രാനും ഇപ്പോഴത്തെ പുത്തൂർ ഭദ്രാസനാദ്ധ്യക്ഷനായ അഭിവന്ദ്യ ഗീവറുഗീസ് മാർ ദിവന്ന്യാസിയോസിൽനിന്നും ബത്തേരി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാനും സഭയിലെ ആദ്യത്തെ കാതോലിക്കാബാവായുമായിരുന്ന അത്യഭിവന്ദ്യ സിറിൽ മാർ ബസേലിയോസിൽനിന്നും ഇടമുറിയാത്ത വിജയകരമായ നേതൃത്വത്തിന്റെ പരമ്പര അഭിവന്ദ്യ തോമസ് പിതാവും സ്വാംശീകരിച്ചിരിക്കുന്നു എന്നുപറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ബത്തേരി ഭദ്രാസനത്തിലെ ഓരോ വിശ്വാസിയോടും പരി. സുന്നഹദോസിന്റെ പേരിലുള്ള അഭിനന്ദനവും നന്ദിയും ഞാൻ അറിയിക്കുന്നു."

സഭയ്ക്കുവേണ്ടി തന്റെ പുത്രനും രക്ഷിതാവുമായ യേശുക്രിസ്തുവിനോടുള്ള നിരന്തരമായ മാദ്ധ്യസ്ഥത്തിന് മലങ്കര കത്തോലിക്കാസഭയുടെ മാതാവായ പരിശുദ്ധ കന്യക മറിയത്തിനും നമ്മുടെ സഭയിയുടെമേൽ ചൊരിയുന്ന പരി. ത്രിത്വത്തിന്റെ അനുഗ്രഹങ്ങൾക്കും അത്യഭിവന്ദ്യ കാതോലിക്കാബാവാ നന്ദി അർപ്പിച്ചു. പതിനാറാം സാധാരണ പരിശുദ്ധ സുന്നഹദോസ് പര്യവസാനിച്ചതായി കാതോലിക്കാബാവാ പ്രഖ്യാപിച്ചു.

പ്രാർത്ഥനയോടും അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ സമാപന ആശീർവാദത്തോടും കൂടി പതിനാറാം സാധാരണ പരിശുദ്ധ സുന്നഹദോസ് അവസാനിച്ചു.

**✠ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**
(സെക്രട്ടറി)

**✠ തോമസ് മാർ അന്തോണിയോസ് ഒ.ഐ.സി.**
(ചാൻസിലർ)

## 2014 സെപ്തംബർ 20 മുതൽ 22 വരെ സമ്മേളിച്ച മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പതിനാറാം സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ നൽകിയ സമാപന സന്ദേശം

സംപൂജ്യരായ സഹോദരരേ,

മുൻ ദിവസങ്ങളിൽ ഭാരിച്ച പരിപാടികൾ ഉണ്ടായിരുന്നിട്ടും ഈ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ സജീവമായി പങ്കാളികളായതിന് ഞാൻ നിങ്ങളോരോരുത്തരോടും നന്ദി പറയുന്നു. അപ്പസ്തോല സമൂഹത്തിന്റെ ശ്ലൈഹിക ദൗത്യമാണ് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനുള്ളത്. നിങ്ങൾക്കറിയാവുന്നതുപോലെ, സാർവത്രിക സഭയ്ക്ക് വളരെ സജീവവും ഊർജസ്വലവുമായ നേതൃത്വമാണ് പരി. ഫ്രാൻസിസ് മാർപാപ്പ നൽകുന്നത്. "ക്രിസ്തുവിനോടുള്ള സ്നേഹം എന്നെ നിർബന്ധിക്കുന്നു" (*Caritas Christi urget nos*) എന്ന വി. പൗലോസ് ശ്ലീഹായുടെ വാക്കുകളാണ് ഫ്രാൻസിസ് മാർപാപ്പായുടെ സഭയിലെ ഇപ്പോഴത്തെ പ്രേഷിതപ്രവർത്തനത്തെ മുന്നോട്ട് നയിക്കുന്ന പ്രേരകശക്തി.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സുന്നഹദോസും നമ്മുടെ സഭയുടെ അപ്പസ്തോലിക സമൂഹത്തിന്റെ (apostolic college)പിൻതുടർച്ചയാണ്. അതുകൊണ്ടാണ്, ഇതിനെ പരിശുദ്ധമെന്ന് വിശേഷിപ്പിക്കുന്നത്. സുന്നഹദോസ് അംഗങ്ങളുടെ വിശുദ്ധിയല്ല ഇതിനെ വിശുദ്ധമാക്കുന്നത്, മറിച്ച്, സുന്നഹദോസിലുള്ള പരിശുദ്ധാത്മാവിന്റെ ജീവനുള്ള സാന്നിദ്ധ്യവും ശ്ലൈഹീക പിൻതുടർച്ചയുമാണ്. ഇക്കാരണത്താലാണ് നമുക്ക് ഉത്സാഹത്തോടും ഊർജസ്വലതയോടും മുന്നേറാനും സഭയെ നയിക്കാനും സാധിക്കുന്നത്. അതുപോലെ, നമ്മെ സന്ദർശിക്കുന്ന പിതാക്കന്മാർ പലപ്പോഴും ചൂണ്ടികാട്ടിയിട്ടുള്ള നമ്മുടെ ആളുകളുടെ സ്നേഹവും ഉത്സാഹവും, നമ്മെ ഈ ശുശ്രൂഷയിൽ പ്രചോദിപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ സ്നേഹവാത്സല്യം നമ്മുടെ സമൂഹത്തിലും നാം അനുഭവിക്കുന്നു. നാം വഹിക്കുന്ന ഭാരമേറിയ ഉത്തരവാദിത്വങ്ങൾക്കിടയിലും ആകുലതകളില്ലാതെ സന്തോഷിക്കാൻ നമുക്ക് സാധിക്കുന്നതിനുള്ള കാരണം ഇത് മാത്രമാണ്.

നമ്മുടെ സഭയോട് നടത്തിയിരിക്കുന്ന വാഗ്ദാനങ്ങളിൽനിന്ന് ദൈവം ഒരിക്കലും പിന്നോട്ടു പോകില്ല. യേശുക്രിസ്തു ഇന്നലെയു ഇന്നും എന്നും നമുക്ക് ഒരാൾതന്നെയാണ്. ഇതാണ് സുന്നഹദോസ് പിതാക്കന്മാരുടെ ശക്തി. എന്റെ പ്രിയപ്പെട്ട ആദരണീയരായ സഹോദരരേ, നിങ്ങളുടെ പ്രാർത്ഥന എന്നെ ശക്തിപ്പെടുത്തുന്നു എന്ന കാര്യം ഞാൻ നന്ദിയോടെ ഓർക്കുന്നു, തുടർന്നും നിങ്ങളുടെ പ്രാർത്ഥന ഞാൻ അവശ്യപ്പെടുന്നു.

84-ാം പുനരൈക്യ വാർഷികത്തിന്റെയും സഭാസംഗമത്തിന്റെയും വിജയകര

മായ ആഘോഷങ്ങൾക്കുശേഷം പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സമ്മേള നത്തിന് എല്ലാവിധമായ ക്രമീകരണങ്ങളും ചെയ്ത ബത്തേരി ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവിന് ഞാൻ നന്ദി പറയുന്നു. ആഘോ ഷങ്ങൾ വൻവിജയമാക്കുന്നതിന് ആത്മാർത്ഥമായി സഹകരിക്കുകയും സമർപ്പണബുദ്ധിയോടെ പ്രവർത്തിക്കുകയും ചെയ്ത ബത്തേരി ഭദ്രാസനത്തിലെ വൈദികരെയും സമർപ്പിതരെയും അത്മായരെയും ഞാൻ ഓർക്കുന്നു. ബത്തേരി ഭദ്രാസനത്തിനും മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കു മുഴുവനും ഈ സംഭവം പ്രചോദനവും ദിശാബോധവും നൽകി. മെത്രാന്മാരോടും, വൈദികരോടും, സന്യസ്തരോടും, അത്മായരോടും വ്യക്തിപരമായി അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവ് കാണിച്ച കരുതലിനെ ഞാൻ നന്ദിപൂർവം ഓർക്കുന്നു. ബത്തേരി ഭദ്രാസനത്തിന്റെ മുൻ മെത്രാനും ഇപ്പോഴത്തെ പുത്തൂർ ഭദ്രാസനാദ്ധ്യക്ഷനായ അഭിവന്ദ്യ ഗീവറുഗീസ് മാർ ദിവന്ന്യാസിയോസിൽനിന്നും ബത്തേരി ഭദ്രാസന ത്തിന്റെ പ്രഥമ മെത്രാനും സഭയിലെ ആദ്യത്തെ കാതോലിക്കാബാവായുമായിരുന്ന അത്യഭിവന്ദ്യ സിറിൽ മാർ ബസേലിയോസിൽനിന്നും ഇടമുറിയാത്ത വിജയകര മായ നേതൃത്വത്തിന്റെ പരമ്പര അഭിവന്ദ്യ തോമസ് പിതാവും സ്വാംശീകരിച്ചിരി ക്കുന്നു എന്നുപറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ബത്തേരി ഭദ്രാസനത്തിലെ ഓരോ വിശ്വാസിയോടും പരി. സുന്നഹദോസിന്റെ പേരിലുള്ള അഭിനന്ദനവും നന്ദിയും ഞാൻ അറിയിക്കുന്നു.

നമ്മുടെ സഭയ്ക്കുവേണ്ടി തന്റെ പുത്രനും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിനോടുള്ള നിരന്തരമായ മാദ്ധ്യസ്ഥത്തിന് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മാതാവായ പരിശുദ്ധ കന്യക മറിയത്തിന് നമുക്ക് നന്ദി യർപ്പിക്കാം. നമ്മുടെ സഭയുടെമേൽ അനുഗ്രഹങ്ങൾ ചൊരിയാനായി പരി. ത്രിത്വത്തോട് പ്രാർത്ഥിക്കാം.

പതിനാറാം സാധാരണ പരിശുദ്ധ സുന്നഹദോസ് പര്യവസാനിച്ചതായി ഞാൻ പ്രഖ്യാപിക്കുന്നു.

**ബസേലിയോസ് കർദിനാൾ ക്ലീമീസ്**
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

## THE VALEDICTORY MESSAGE OF HIS BEATITUDE, THE CATHOLICOS AT THE SIXTEENTH ORDINARY HOLY EPISCOPAL SYNOD OF THE SYRO-MALANKARA CATHOLIC CHURCH HELD FROM 20 TO 22 SEPTEMBER 2014

Venerable brotheren

I thank each one of you for the active participation in this Holy Episcopal Synod in spite of the heavy schedule of activities of the last days. The Holy Episcopal Synod has the apostolic mission of the apostolic college. As you know, His Holiness Pope Francis is giving a dynamic and charismatic leadership to the Universal Church. "Caritas Christi urget nos" - these words of St Paul is the driving force behind Pope Francis' apostolate in the Church today. The Synod of the SMCC too is a succession of the apostolic college for our Church. Hence it is qualified as holy. It is not the holiness of the members of the Synod that makes it holy but the living presence of the Holy Spirit in the Synod and the presence of the apostolic succession in the Synod. It is because of this that we could dynamically and enthusiastically move forward and can lead the Church. And also the love and enthusiasm of our people, which often pointed out by visiting prelate, urge us in the ministry of the Church. We also experience within our community, the loving care of the Holy Spirit. This is the only reason why we are happy and not worried in spite of the heavy load of responsibilities we shoulder.

God never retracts from his promises that he made to our Church. Jesus Christ is the same for us yesterday, today and forever. This is the strength of the Synod Fathers. My dear venerable brothers, I acknowledge that your prayers strengthen me and I request your continuous prayers.

I thank Most Rev. Joseph Mar Thomas, for all arrangements made for the HES after the successful celebration of the 84th Reunion Day and Sabha Sanghamam. I am pleased at your outstanding leadership to the Eparchy of Bathery. I remember the whole hearted cooperation and commitment of the priests, religious and laity of the Eparchy of Bathery for making the celebrations a grand success. The event has inspired and motivated the Eparchy of Bathery and the entire Syro-Malankara Catholic Church. I also remember with gratitude

the personal care shown by Jospeh Mar Thomas to each one of the Bishops, priests, religious and laity. I am happy to say that Mar Thomas inherited the unbroken lineage of successful leadership from Most Rev. Geevarghese Mar Divannasios, the former Bishop of Bathery and now the Bishop of Puttur and from His Beatitude Cyril Mar Baselios, the first Catholicos of our Church who was the first Bishop of Bathery. On behalf of the HES, I convey gratitude and appreciation to each faithful of the Eparchy of Bathery.

We are grateful to the Blessed Virgin Mary, the Mother of the Syro-Malankara Catholic Church for her unfailing intercession for our Church to Jesus Christ, her Son and our Saviour. I invoke Holy Trinity for the blessings on our Church.

I declare the Sixteenth Ordinary Holy Episcopal Synod closed.

✠ **Baselios Cardinal Cleemis**
Major Archbishop-Catholicos

# PASTORAL LETTERS & CIRCULARS

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ് – കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമീസി**ൽ നിന്നും
നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 2/2014

സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും
സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രിയേക ദൈവത്തിനു സ്തുതി.

## സമർപ്പിതരുടെ വർഷം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാൻമാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

സഭയിൽ സമർപ്പിതജീവിതം പ്രോത്സാഹിപ്പിക്കുന്നതിനായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2015 സമർപ്പിതരുടെ വർഷമായി പ്രഖ്യാപിച്ചു. 2014 നവംബർ 30 പ്രാർത്ഥനാദിനമായി ആചരിച്ചുകൊണ്ട് ഈ വർഷം ആരംഭിക്കും. സമർപ്പിതർക്കു വേണ്ടിയുള്ള ലോക പ്രാർത്ഥനാദിനമായ 2016 ഫെബ്രുവരി 2-ന് സമർപ്പിതരുടെ ഈ വർഷം അവസാനിക്കും. സമർപ്പിതരുടെ ജീവിതത്തിന്റെ വ്യത്യസ്തമാനങ്ങൾ ഉയർത്തി കാണിക്കുക എന്ന ലക്ഷ്യത്തോടെ, ഈ 14 മാസങ്ങളിൽ വിവിധ ആചരണങ്ങളും സമ്മേളനങ്ങളും നടക്കും.

സമർപ്പിതരുടെ വർഷ പ്രഖ്യാപനത്തിന് മൂന്ന് ഉദ്ദേശങ്ങൾ ഉണ്ട്. ഒന്നാമതായി ഈ വർഷം, രണ്ടാം വത്തിക്കാൻ കൗൺസിൽ നൽകിയ സന്യാസ നവീകരണത്തിനുവേണ്ടിയുള്ള പരിപൂർണ സ്നേഹം (*Perfectae Caritatis*) എന്ന പ്രമാണരേഖയുടെ 50-ാം വാർഷികത്തിന്റെ അവസരത്തിൽ, കഴിഞ്ഞ കാലങ്ങളെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നതിനുള്ള അവസരമാണ്. രണ്ടാമതായി, ഈ വർഷം പ്രത്യാശയോടുകൂടി ഭാവിയെ പുണരുന്നതിന്, കൗൺസിലിനും ഈ കാലഘട്ടത്തിനുമിടയിലുള്ള കൃപയുടെ സമയമാണ്. മൂന്നാമതായി, സമർപ്പിതർ ഈ പ്രത്യാശയെക്കുറിച്ച് ബോദ്ധ്യമുള്ളവരായി തീക്ഷ്ണതയോടുകൂടി ഇന്ന് ജീവിക്കുന്നു.

നാം സമർപ്പിതരുടെ വർഷാചരണത്തിന്റെ പടിവാതിൽക്കൽ നിൽക്കുമ്പോൾ പരിശുദ്ധ പിതാവ് പറയുന്നു: "സുവിശേഷത്തിന്റെ സന്തോഷം യേശുവിനെ കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയത്തിലും ജീവിതങ്ങളിലും നിറയുന്നു. ക്രിസ്തുവിനോടൊപ്പം സന്തോഷം നിരന്തരം പുതുജന്മം പ്രാപിക്കുന്നു" (സുവിശേഷത്തിന്റെ

സന്തോഷം ന. 1). അതിനുശേഷം മാർപാപ്പ സമർപ്പിതരോട് പറയുന്നു: "നിങ്ങളോട് എനിക്കു ഒരുവാക്ക് പറയാനുണ്ട്, ആ വാക്ക് 'സന്തോഷം' എന്നതാണ്. എവിടെ യെല്ലാം സമർപ്പിത വ്യക്തികളുണ്ടോ, അവിടെ എപ്പോഴും സന്തോഷമുണ്ട്".

**സഭയിൽ സമർപ്പിത ജീവിതം**

എല്ലാ ക്രൈസ്തവവിശ്വാസികളും വിശുദ്ധിയിലേക്കുള്ള വിളി ശ്രദ്ധിക്കുവാൻ രണ്ടാം വത്തിക്കാൻ കൗൺസിൽ ആഹ്വാനം ചെയ്യുകയും (LG Chapter 5, nn 39-42) അതിനുശേഷം സഭയുടെ ഹൃദയത്തിൽത്തന്നെ സമർപ്പിത ജീവിതത്തിന് സ്ഥാനം നല്കുകയും ചെയ്യുന്നു (LG Chapter 6, nn 43-47). 'പരിപൂർണ സ്നേഹം' എന്ന പ്രമാണരേഖയിലൂടെ കൗൺസിൽ സന്യാസജീവിതത്തിന്റെ അടിസ്ഥാന നവീകര ണത്തിന് സമർപ്പിതരെ ക്ഷണിക്കുകയും അതിനായി വ്യക്തമായ നിർദേശങ്ങൾ നൽകുകയും ചെയ്തു. സന്യാസജീവിതത്തെ മാമ്മോദീസായുടെ ഫലമായും (LG Ch. vi), സന്യാസവ്രതത്തെ മാമ്മോദീസായുടെ സമർപ്പണത്തിൽ വേരൂന്നിയിട്ടുള്ളതും, അതിന്റെ പൂർണ പ്രകാശനവുമായ ഒരു പ്രത്യേക സമർപ്പണവുമായി (PC no 5) കണ ക്കാക്കുന്നു. ഇത് ഒരു വ്യക്തിയെ സന്യാസസമൂഹത്തിന്റെ അംഗമാക്കിത്തീർക്കുകയും സഭയുടെ ദൗത്യത്തിൽ (mission) ഉൾചേർക്കുകയും ചെയ്യുന്നു (ET no 38). ഇത് സഭയുടെ ജീവിതത്തോടും വിശുദ്ധിയോടും ഉൾച്ചേരുന്നുവെന്നതിന് തർക്കമില്ല. ഇതിന്റെ അർത്ഥം, സഭയുടെ ആരംഭം മുതൽ ഉണ്ടായിരുന്ന സമർപ്പിതജീവിതം അവളുടെ സ്വഭാ വത്തെ പ്രതിഫലിപ്പിക്കുന്ന സത്താപരമായ ഘടകങ്ങളിൽ ഒന്നാണ്. ഇത് സുവിശേഷ ഉപദേശങ്ങളുടെ വ്രതത്തിലൂടെ (Profession of the evangelical Counsels) ക്രിസ്തുരഹസ്യവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു എന്ന വസ്തുതയിൽനിന്നും, യേശു തിരഞ്ഞെടുക്കുകയും കാണിച്ചുതരികയും ചെയ്ത പാരത്രിക ജീവിതത്തെ (eschatological value) പ്രകടമാക്കുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിൽ മുതലുള്ള സഭയുടെ പ്രബോധനങ്ങൾ സംഗ്രഹിച്ചുകൊണ്ട് പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാനോന സംഹിതയിൽ, കാനോന 410, സന്യാസജീവിതത്തെ ഇപ്രകാരം വിവരിക്കുന്നു: "സഭയുടെ അംഗീ കാരമുള്ള ഒരു സ്ഥാപനത്തിൽ നയിക്കപ്പെടുന്ന സ്ഥിരമായ സമൂഹജീവിതരീതി യാണ് സന്യാസജീവിതാവസ്ഥ. അതിലൂടെ ക്രൈസ്തവവിശ്വാസികൾ വിശുദ്ധി യുടെ ഗുരുനാഥനും മാതൃകയുമായ ക്രിസ്തുവിനെ കൂടുതൽ അടുത്തനുഗമിക്കുന്നു. നിയമാവലിയിലെ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് ഒരു നിയമാനുസൃത അധികാരിക്ക് വിധേയരായി, അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ പരസ്യവ്രതങ്ങളിലൂടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ തങ്ങളെത്തന്നെ നവീനവും പ്രത്യേകവു മായ വിധത്തിൽ അവർ സമർപ്പിക്കുന്നു. സ്വർഗീയമഹത്വത്തെ മുൻകൂട്ടി അറിയി ക്കുന്ന ഒരു അടയാളമെന്നനിലയിൽ അവർ ലോകത്തെ പരിത്യജി ക്കുകയും തിരുസഭയെ കെട്ടിപ്പടുക്കുന്നതിനും ലോകത്തിന്റെ രക്ഷയ്ക്കും വേണ്ടിയുള്ള ദൈവരാജ്യ ശുശ്രൂഷയിൽ സ്നേഹത്തിന്റെ പൂർണ്ണത ആർജിക്കുന്നതിനുവേണ്ടി തങ്ങളെത്തന്നെ സമ്പൂർണ്ണമായി സമർപ്പിക്കുകയും ചെയ്യുന്നു".

സമർപ്പിതജീവിതം സഭയുടെ ഹൈരാർക്കിക്കും അത്മായർക്കും ഇടയിലുള്ള അർദ്ധമാർഗ്ഗമല്ല; ഇവ രണ്ടിൽനിന്നും സ്വാംശീകരിക്കുന്ന ഒരു ജീവിതമാർഗ്ഗമാണ്.

സഭയ്ക്കുവേണ്ടിയുള്ള ദൈവകൃപയുടെ സവിശേഷ ദാനമായി അത് നില കൊള്ളുന്നു. അവളുടെ ദൗത്യത്തിന്റെ ഭാഗമായി *"സമർപ്പിതജീവിതം സഭയുടെ ഹൃദയത്തിൽത്തന്നെ സ്ഥിതിചെയ്യുന്നു"*, എന്തെന്നാൽ "അത് ക്രിസ്തീയ വിളിയുടെ ആന്തരീക സ്വഭാവം വെളിപ്പെടുത്തുന്നു..." (*Vita Consecrata* 3). ക്രിസ്തുവിന്റ ഛായയിലും സാദൃശ്യത്തിലും സമീകരിക്കപ്പെടുവാൻ സന്യാസികളെ സഹായിക്കു ന്നതിനായി പ്രബോധനങ്ങളാലും നിയമങ്ങളാലും തിരുസഭ അവർക്ക് മാർഗദർശനം നല്കുന്നു.

സന്യാസം സഭയിലാണ് രൂപപ്പെടുന്നതും വളരുന്നതും പരിപോഷിപ്പിക്കപ്പെ ടുന്നതും. സന്യാസികളും ഹൈരാർക്കിയും തമ്മിലുള്ള ബന്ധം സഭയുടെ ആധികാരിക പ്രബോധനങ്ങളിൽ വ്യക്തമായി നല്കിയിട്ടുണ്ട്. സന്യാസ സമൂഹങ്ങൾക്ക് അവരുടേതായ ആഭ്യന്തര സംവിധാനങ്ങളുണ്ട്. അവയ്ക്ക് അവയുടേതായ പര്യാപ്തതയും അവകാശവുമുണ്ട്; എന്നാൽ സഭയിൽ ഈ ഭരണാവകാശം ഒരിക്കലും ഒരു സ്വതന്ത്ര അവസ്ഥ (independence) ആകുന്നില്ല (cf CD 35, 3 and 4). സ്വയംഭരണാവകാശത്തിന്റെ കൃത്യതയും, പര്യാപ്തതയുടെ വ്യക്തമായ നിർണയവും പൊതുനിയമത്തിലും ഓരോ സമൂഹത്തിന്റെയും നിയമാവലിയിലും ഭരണഘടനയിലും അടങ്ങിയിട്ടുണ്ട് (MR 13). സന്യാസജീവിത ക്രമത്തിന് സഭ നൽകുന്ന സ്വാതന്ത്ര്യവും കരുതലും ഹൈരാർക്കിയിൽനിന്ന് അകലുന്നതിനോ ശുശ്രൂഷാപരമായ ബന്ധത്തിൽനിന്ന് ദൂരെയാകുന്നതിനോ അല്ല; പ്രത്യുത സഭയുടെ സന്യാസത്തിന്റെ അനുഭവം ദൈവജനത്തിന് സുലഭമായി ലഭിക്കുന്നതിനാകുന്നു.

**മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ സമർപ്പിതജീവിതം**

സന്യാസജീവിതത്തിന്റെ ആരംഭം പൗരസ്ത്യനാടുകളിലാണ്. പൗരസ്ത്യ സഭയിലെ ആശ്രമജീവിതത്തിന്റെയും (monastic life) സമർപ്പിതജീവിതത്തിന്റെയും പിതാക്കന്മാരായാണ് വി. അന്തോണിയോസ് (251-356), വി. പക്കോമിയോസ്, വി. ബസേലിയോസ് എന്നിവർ അറിയപ്പെടുന്നത്. വി. ബനഡിക്ടും വി. സ്കൊളാസ്റ്റി ക്കായുമാണ് പൗരസ്ത്യസഭയിൽനിന്നും പാശ്ചാത്യസഭയിലേക്ക് ഇതിനെ പരിവർത്തനം ചെയ്തത്. സന്യാസജീവിതം, പ്രത്യേകിച്ച് ആശ്രമജീവിതം, സഭാജീവിതത്തിന്റെ ആത്മീയ ഉറവിടമായിത്തീർന്നു. ക്രിസ്താനുഭവം ജീവിക്കുകയും സഭയുടെ ആത്മീയജീവിതത്തിന് സംഭാവന ചെയ്യുകയും ചെയ്യുന്ന 'പള്ളികളെയും ദയറാകളെയും' അന്ത്യോക്യൻ സഭകളുടെ ആരാധനക്രമം നിരന്തരം പരാമർശിക്കുന്നു. സഭയുടെ ആരാധനാജീവിതത്തിന്റെ ആരംഭവും പരിപോഷണവും ആശ്രമജീവിതത്തിലാണ്.

ആദ്യകാലങ്ങളിൽ ഭാരതസഭയിൽ ഒരു പ്രത്യേക ആശ്രമ പ്രസ്ഥാനം സമാരംഭിച്ചില്ലെങ്കിലും, പൗരസ്ത്യസഭയുടെ ആശ്രമ ആദ്ധ്യാത്മികതയിൽ വേരൂന്നിയ ആരാധനാജീവിതത്തിലൂടെ ഇതിന് അടിത്തറയിട്ടു. താപസ ജീവിതപൈതൃകത്തിനും ആശ്രമപാരമ്പര്യത്തിനും ഭാരതം വളരെ പ്രസിദ്ധി യാർജിച്ചതാണ്. മാർത്തോമ്മാ ക്രിസ്ത്യാനികൾ ഭാരതീയ ആദർശങ്ങളെ സമന്വയിച്ച് ക്രിസ്തീയ ആശ്രമജീവിതശൈലിയിൽ ഉൾച്ചേർത്തു. ആദിമ ഇന്ത്യൻ സഭയിൽ

നിലനിനിന്നിരുന്ന തപശ്ചര്യകളും ക്രിസ്തീയ സാക്ഷ്യങ്ങളും വളരെയേറെ ആകർഷകങ്ങളായിരുന്നു.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പാരമ്പര്യം പിന്തുടർന്ന മലങ്കര സുറിയാനി സഭയിലും ആദ്യകാലങ്ങളിൽ ആശ്രമ സമൂഹം ഇല്ലായിരുന്നു. സുറിയാനി പാരമ്പര്യമനുസരിച്ച് മരുഭൂമിയിലെ വി. അന്തോണിയോസിന്റെ നിയമങ്ങൾ അനുവർത്തിക്കുന്ന റമ്പാന്മാർ എന്നറിയപ്പെട്ടിരുന്ന അന്ത്യോക്യൻ സന്യാസികൾ മലങ്കര സഭയിൽ ഉണ്ടായിരുന്നു. കാലക്രമത്തിൽ മലങ്കരസഭ ആദ്ധ്യാത്മിക പാപ്പരത്വത്തിലേക്ക് വഴുതിവീണു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഫാ. പി. ടി. ഗീവർഗീസിൽ (മാർ ഈവാനിയോസ്) ഇത് വലിയ ആദ്ധ്യാത്മിക അസ്വസ്ഥതയുണ്ടാക്കി. ആത്മീയമന്ദതയിൽ നിന്നും മലങ്കര സഭയെ ഉണർത്തണമെങ്കിൽ വ്യക്തിപരമായ ആത്മീയ നവീകരണത്തിലൂടെ കടന്നുപോകണമെന്ന് പ്രാർത്ഥനയിലൂടെയും പ്രായശ്ചിത്തത്തിലൂടെയും മാർ ഈവാനിയോസ് മനസിലാക്കി (Louis Moolaveettil, *The Spiritual life of Mar Ivanios,* 23). "ദൈവസേവനത്തേക്കാൾ അത്യുത്തമമല്ലോ ദൈവസമ്പാദനം" എന്ന് ലക്ഷ്യമാക്കികൊണ്ട് മാർ ഈവാനിയോസ് ആരംഭിച്ച ബഥനി ആശ്രമത്തിന്റെയും പിന്നീട് ബഥനി മഠത്തിന്റെയും സ്ഥാപനത്തോടുകൂടി മലങ്കരസഭയിൽ സന്യാസ പ്രസ്ഥാനത്തിന് തുടക്കമിട്ടു. ഇതേ ദർശനം ഉൾകൊണ്ടുകൊണ്ടാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ മേരീമക്കൾ സന്യാസിനീ സമൂഹത്തെ ദൈവദാസൻ പ്രോത്സാഹിപ്പിച്ചത്. പ്രാർത്ഥനയിലൂടെയും പ്രായശ്ചിത്തത്തിലൂടെയും സന്യാസജീവിതം നയിക്കുന്ന ആഴമായ ദൈവാനുഭവമുള്ള വ്യക്തികളിലൂടെ മാത്രമേ സഭയെ നവീകരിക്കുവാനും ഫലപ്രദമായി സുവിശേഷം പ്രഘോഷിക്കുവാനും സാധിക്കുകയുള്ളുവെന്ന് മാർ ഈവാനിയോസ് പിതാവ് ഉറച്ചു വിശ്വസിച്ചിരുന്നു (സിറിൽ മലഞ്ചരുവിൽ, മലങ്കര സുറിയാനി സഭ, 190).

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ അതുല്യമായ ഈ സന്യാസ ദർശനം വി. ബസേലിയോസിന്റെയും ഭാരതസന്യാസത്തിന്റെയും ദർശനങ്ങളാൽ പ്രചോദിതവും അവയോട് താദാത്മ്യപ്പെട്ടതും ആയിരുന്നു. ദൈവദാസന് സന്യാസം എന്നത് ഭൂമിയിൽ അവതരിച്ച ആദ്യത്തെ സന്യാസിയായ യേശുമിശിഹായെ മൗലികമായി അനുകരിക്കുന്നതാണ്... സന്യാസത്തിന്റെ ഉത്ഭവസ്ഥാനവും സ്ഥാപകനും ആദർശപുരുഷനും യേശുവാണ് (മാർ ഈവാനിയോസ്, സന്യാസ ജീവിതസഹായി, 17-19). സഭയിൽ സന്യാസത്തിന്റെ പങ്കിനെയും ബന്ധത്തെയുംകുറിച്ചുള്ള കാഴ്ചപ്പാടിൽ ദൈവദാസൻ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം മുൻകൂട്ടികണ്ടു: സന്യാസസമൂഹം സഭയ്ക്കുള്ളിലെ ഒരു ചെറിയ സഭയാണ്. ക്രിസ്തുമതത്തിന്റെ സ്വീകാര്യലക്ഷ്യം കുരിശാണല്ലോ. കേവലം സ്നേഹംകൊണ്ട് സ്വമനസ്സാ യേശുവിനെ അനുഗമിക്കുന്ന സഭ - വി. സഭയ്ക്കുള്ളിലുള്ള വി. സഭ - തിരുസഭയുടെ ചങ്കാകുന്ന ചെറിയ "സഭ" സന്യാസസമൂഹമാകുന്നു (മാർ ഈവാനിയോസ്, സന്യാസ ജീവിതസഹായി, 17-19).

മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ സന്യാസസമൂഹങ്ങൾ പൗരസ്ത്യ ആശ്രമജീവിതത്തിന്റെ അന്തഃസത്തയും ദൈവദാസൻ മാർ ഈവാനിയോസ്

പിതാവിന്റെ സിദ്ധിയിൽ അധിഷ്ഠിതമായ ഭാരതീയ സന്യാസത്തെയും അനുകരിക്കുന്നു. പുനരൈക്യപ്രസ്ഥാനത്തിലൂടെ മലങ്കര സഭ, സാർവത്രിക കൂട്ടായ്മയിലേക്ക് വരികയും ബഥനി സന്യാസത്തിന്റെ മടിത്തട്ടിലേക്ക് പറിച്ചു നടപ്പെടുകയും ചെയ്തു. ഇന്ന് ദൈവദാസൻ സ്ഥാപിച്ചതോ പ്രോത്സാഹിപ്പിച്ചതോ ആയ സന്യാസസമൂഹങ്ങൾക്കു പുറമേ, ആശ്രമങ്ങൾ (monasteries) ഉൾപ്പെടെ സ്ത്രീകളുടേയും പുരുഷന്മാരുടേയുമായ 25-ഓളം സന്യാസസമൂഹങ്ങൾ സഭയെ പരിപോഷിപ്പിക്കുന്നു.

**മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ സമർപ്പിതരുടെ വർഷാചരണം**

റോമിൽ ആസൂത്രണം ചെയ്യുന്ന സമർപ്പിതരുടെ വർഷാചരണപരിപാടികൾ എല്ലാ സന്യാസികളും ശ്രദ്ധിക്കുകയും, അവരവരുടെ സന്യാസ സമൂഹത്തിന്റെ തീരുമാനങ്ങളനുസരിച്ച് ഇതിൽ പങ്കുചേരുകയും ചെയ്യട്ടെ.

സഭയിലെ സമർപ്പിത ജീവിതത്തിന്റെ സിദ്ധിയും പങ്കും പ്രോത്സാഹിപ്പിക്കുന്നതിനാണ് സമർപ്പിതരുടെ വർഷം ആചരിക്കുന്നത് എന്ന വസ്തുതയിലേക്ക് നിങ്ങളുടെ ശ്രദ്ധയെ ഞാൻ ആദ്യമായി ക്ഷണിക്കുന്നു. വൈദികരും, സന്യസ്തരും, അല്മായരും ഉൾക്കൊള്ളുന്ന ദൈവജനസമൂഹം ഇത് ആചരിക്കുന്നു. സമർപ്പിത ജീവിതത്തെക്കുറിച്ചുള്ള അവബോധം ആധുനിക ലോകത്തിൽ വർദ്ധിപ്പിക്കുന്നതിനും അവയുടെ വെല്ലുവിളികളെ നേരിടാൻ സമർപ്പിതരുടെ ജീവിതത്തെ നവീകരിക്കുന്നതിനുമാണ് ഈ ആചരണം. സന്യാസജീവിതത്തിലേക്ക് ദൈവവിളിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വലിയൊരു ബോധ്യത്തിലേക്ക് ഈ ആചരണം നയിക്കേണ്ടതാണ്. ഇതൊരു ആഢംബരപരമായ ആഘോഷമോ, വ്യക്തികളെ ആദരിക്കുന്നതിനോ ഉള്ള ഒരു സംരംഭമല്ല.

2014 സെപ്തംബർ 20 മുതൽ 22 വരെ സമ്മേളിച്ച നമ്മുടെ സഭയുടെ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനപ്രകാരം, 2014 നവംബർ 30-നാണ് മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ സമർപ്പിതരുടെ വർഷം ഉദ്ഘാടനം ചെയ്യുന്നത്. സഭയ്ക്കുവേണ്ടി ഭദ്രാസന മെത്രാപ്പോലിത്താമാർ/എക്സാർക്ക്/ അപ്പസ്തോലിക് വിസിറ്റേറ്റർ അതാത് സ്ഥലത്തെ കത്തീഡ്രലിൽ സമർപ്പിതരുടെ വർഷാചരണം ഉദ്ഘാടനം ചെയ്യണം. അന്നത്തെ വി. സമൂഹബലിയിലേക്ക് സന്യസ്തരെയും വൈദികരെയും അത്മായരെയും ക്ഷണിക്കണം. തിരുവല്ലാ അതിഭദ്രാസനം ആതിഥ്യം വഹിക്കുന്ന 85-ാമത് പുനരൈക്യ ദിനാഘോഷത്തിന്റെയും സഭാസംഗമത്തിന്റെയും വേദിയിൽവെച്ച് പൊതുവായി മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സന്യാസസമ്മേളനം നടത്തുന്നതാണ്. സന്യസ്തർക്കു വേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ സഭാതലത്തിൽ അനുയോജ്യമായ മറ്റ് പൊതുപരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

ഭദ്രാസനതലത്തിൽ, വൈദികരെയും വിശ്വാസികളെയും ഉൾപ്പെടുത്തി കൊണ്ട് എല്ലാ സന്യസ്തരുടെയും ഒരു സംഗമവേദി ഭദ്രാസനാദ്ധ്യക്ഷൻ ഒരുക്കേണ്ടതാണ്. മറ്റ് പരിപാടികളും ആസൂത്രണം ചെയ്യാവുന്നതാണ്. സഭാ, ഭദ്രാസന, യൂണിറ്റ് തലങ്ങളിലുള്ള മലങ്കര സന്യാസ സമ്മേളനത്തിന്റെ (Malankara Religious Conference) പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ഇതുപോലുള്ള മീറ്റിംഗുകൾ വൈദിക ജില്ലാതലത്തിലും സംഘടിപ്പിക്കുവാൻ *പ്രോട്ടോപ്രസ്ബിറ്റർ*മാർ ശ്രദ്ധിക്കേണ്ടതാണ്. ഓരോ ഇടവകയുടെയും ആവശ്യകതയും സാഹചര്യവും കണക്കിലെടുത്തും ഇടവകയിൽ സഹായിക്കുന്ന സന്യസ്തരെ പരിഗണിച്ചും, ഇടവകതലത്തിൽ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതാണ്.

മേജർ സുപ്പീരിയേഴ്സിന്റെയും, സുപ്പീരിയേഴ്സിന്റെയും അവരുടെ കൗൺസിലുകളുടെയും തീരുമാനപ്രകാരം, ഓരോ സന്യാസ സമൂഹത്തിലും പരിപാടികൾ ആസൂത്രണം ചെയ്യുമല്ലോ. സഭയിലെ സന്യാസജീവിതത്തെക്കുറിച്ച് കൂടുതൽ അവബോധം ഉളവാക്കുന്നതിന് സാധിക്കുന്നിടത്തോളം വൈദികരെയും അല്മായരെയും ഈ ആചരണങ്ങളിലേക്ക് ക്ഷണിക്കാവുന്നതാണ്.

ഭദ്രാസനങ്ങൾ/എക്സാർക്കേറ്റ്/ഭദ്രാസനേതര പ്രദേശങ്ങളും സന്യാസ സമൂഹങ്ങളും സന്യസ്തർക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷനിലേക്ക് സമർപ്പിതരുടെ വർഷാചരണത്തിന്റെ റിപ്പോർട്ട് യഥാസമയം അയച്ചുകൊടുക്കേണ്ടതാണ്. അങ്ങനെ ഒരു ഏകീകൃത റിപ്പോർട്ട് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ കൃത്യസമയത്ത് അവതരിപ്പിക്കാവുന്നതാണ്.

**ഉപസംഗ്രഹം**

സഭയിൽ സമർപ്പിതരുടെ ജീവിതത്തിൽ നിലനിൽക്കുന്ന പ്രതിസന്ധികളുടെ അടയാളങ്ങളുണ്ട്. വൈദിക, സന്യാസ ദൈവവിളികൾ കുറഞ്ഞു വരുന്നു. സന്യാസ ജീവിതത്തിലേക്കുള്ള ദൈവവിളി, പ്രത്യേകിച്ച് സന്യാസിനികളുടെ ദൈവവിളി കുറഞ്ഞുവരുന്നതായി മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കും അനുഭവപ്പെടുന്ന ഈ സമയത്താണ് സമർപ്പിതരുടെ വർഷം ആചരിക്കുന്നതിന് പരി. പിതാവ് ആഹ്വാനം ചെയ്യുന്നത്. സമർപ്പിതരുടെ വർഷാചരണം വഴിയായി സന്യാസ ജീവിതത്തിന് കറയറ്റ സമർപ്പണം ദൈവജനത്തിന് സാക്ഷ്യമായി ലഭിക്കണം. സന്യാസ ദൈവവിളികൾ വർദ്ധിക്കണം. പ്രതിഫലേച്ഛയും സ്വാർത്ഥതയും കൂടാതെ സഭയെ സ്നേഹിക്കുന്നതിനും സേവിക്കുന്നതിനും കൂടുതൽ ഇടയാകണം.

പ്രതിസന്ധികളുടെ സാഹചര്യത്തെസംബന്ധിച്ചുള്ള രണ്ട് പ്രധാന വസ്തുതകൾ വ്യക്തമാക്കേണ്ട ആവശ്യമുണ്ട്. ഒന്നാമതായി, കഴിഞ്ഞ കാലത്ത് നിരവധി പ്രതിസന്ധിഘട്ടങ്ങളിലൂടെ സന്യാസജീവിതം കടന്നുപോവുകയും അതിൽനിന്ന് പൂർവാധികം ശക്തിയോടെ അത് രൂപാന്തരപ്പെട്ട് നിലനിൽക്കുകയും ചെയ്യുന്നു. രണ്ടാമതായി, ഒരു പ്രതിസന്ധി തികച്ചും നിഷേധാത്മകമായ ഒരു പ്രതിഭാസമല്ല. ഒരു വ്യക്തിയുടെ ജീവിതം ശൈശവത്തിൽനിന്നും ബാല്യം, കൗമാരം, കഴിഞ്ഞ് പ്രായപൂർത്തിയിൽ എത്തുന്നതുപോലെ പടിപടിയായുള്ള ഘട്ടങ്ങളിലൂടെ സന്യാസജീവിതവും രൂപാന്തരം പ്രാപിച്ച് ആഴമായ സ്വയാവബോധത്തോടെ ആധുനികലോകത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ ശക്തിയാർജിക്കും.

സാർവത്രികസഭ മുഴുവനും സമർപ്പിതരുടെ വർഷം ആചരിക്കുന്നതിനാൽ, ഇതിൽ ആത്മാർത്ഥമായി പങ്കുകൊള്ളുവാനും സഹകരിക്കുവാനും നമ്മുടെ സഭാമക്കളെ ഞാൻ ക്ഷണിക്കുന്നു. സമർപ്പിതരുടെ വർഷാചരണത്തിലൂടെ ദൈവസാക്ഷാത്കാരം ആഴപ്പെടട്ടെ; അതുവഴി നവചൈതന്യ ത്തോടുകൂടി സുവിശേഷം പ്രഘോ

ഷിക്കപ്പെടട്ടെ! ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് തന്റെ സിദ്ധിയിലൂടെ സഭയ്ക്ക് നൽകിയ പൈതൃകം പ്രാർത്ഥനാപൂർവം നമുക്ക് സാക്ഷാത്കരിക്കാം. സഭ മുഴുവന്റെ മേലും, പ്രത്യേകിച്ച് സന്യസ്തരുടെമേൽ, സഭയുടെ മാതാവായ, വൈദികരുടെയും സന്യസ്തരുടെയും മാതാവായ പരി. കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥം സമർപ്പിതരുടെ വർഷാചരണത്തിൽ ഞാൻ പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും, സകലവിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി

11.11.2014
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

**✠ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാ ബാവാ.

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...**

N.B.: ഈ ഇടയലേഖനം അടുത്തുവരുന്ന ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

By the grace of God and by the approval of the Holy See
From the Major Archbishop-Catholicos of the Syro-Malankara Catholic Church
**Moran Mor Baselios Cardinal Cleemis**
Blessings
to the Metropolitan Archbishop, Metropolitans, Corepiscopoi, Rambans,
Priests, Deacons, Religious and the Faithful

Prot No. CPL 2/2014

Praise be to the Triune God,
self-existent, almighty, eternal and consubstantial!

**The Year for Consecrated Life**

Your Grace, Your Excellencies, Very Rev. Corepiscopoi and Rembans, Reverend Fathers, Deacons, Religious and dear Faithful in the Lord,

Holy Father Pope Francis announced that the year 2015 would be dedicated for the promotion of the Consecrated Life in the Church. The year will begin on 30 November 2014, with a special day of prayer. The Year will conclude on 02 February 2016, the World Day of Prayer for Consecrated Life. During these 14 months various observances and meetings will take place with the objective of highlighting the various dimensions of consecrated life.

There are three objectives for the declaration of the Year for Consecrated Life: Firstly, this Year is an occasion for gratefully remembering the recent past in the context of the 50$^{th}$ anniversary of the decree *Perfectae Caritatis* on the renewal of consecrated life given by the Second Vatican Council. Secondly, this Year is the time of grace between the Council and today, to embrace the future with hope. Thirdly, the consecrated persons become well aware of this hope and live the present passionately.

As we are at the threshold to observe the Year for Consecrated Life, the Holy Father says, “The joy of the Gospel fills the heart and lives of all who encounter Jesus. With Jesus Christ joy is constantly born anew.” Apostolic Exhortation *Evangelii gaudium*, n. 1). The Pope then tells the consecrated

people, "*I want to say one word to you and this word is joy. Wherever consecrated people are, there is always joy!*"

**The Consecrated Life in the Church**

The Second Vatican Council invites every Christian faithful to heed the call to holiness (LG Chapter 5, nn 39-42) and thereafter places consecrated life (LG Chapter 6, nn 43-47) within the heart of the Church. The Council then invited the consecrated people to a radical renewal of religious life through its decree *Perfectae Caritatis* and gave clear directives for it. Religious life is considered, as the blossoming of baptism (*LG* Ch. VI) and religious profession is a special consecration that is deeply rooted in their baptismal consecration and is a fuller expression of it (*PC* n. 5). It incorporates a person into a religious institute and into the mission of the Church (*ET* n. 38). It *indisputably belongs to the life and holiness of the Church*. This means that the consecrated life, present in the Church from the beginning, is one of her essential and characteristic elements that express her very nature. This is clearly seen from the fact that the profession of the evangelical counsels is intimately connected with the mystery of Christ, and has the duty of making somehow present the way of life which Jesus himself chose and indicated as an absolute eschatological value (*Vita Consecrata* 29) .

Summing up the teaching of the Church since Vatican Council II, the Code of Canons of Oriental Churches in canon 410 describes religious life as "a stable form of living by which the faithful, following Christ more closely under the action of the Holy Spirit, are totally dedicated to God who is loved most of all, so that, having been dedicated by a new and special title to his honour, to the building up of the Church, and to the salvation of the world, they strive for the perfection of charity in the service of the kingdom of God and, having been made an outstanding sign in the Church, foretell the heavenly glory."

The Consecrated Life in the Church is not something half-way between the hierarchy and the laity, but a way of life which draw from both. It stands alone as a special gift of Grace for the Church. "*The consecrated life is at the very heart of the Church"* as a decisive element for her mission, since it "manifests the inner nature of the Christian calling"… (*Vita Consecrata* 3). The Church guides the religious by teaching and setting out laws which will help to make them conform to the true 'image and likeness of Christ.'

Religious life is formed, grows and is nurtured in the Church. The magisterial teaching on the relationship with the hierarchy of the Church is

also well laid down. Religious institutes have an internal organization all their own (cf. *CD* 35, 3) which has its proper field of competency and a right, even though in the Church this right can never become independence (cf. *CD* 35, 3 and 4). The correct degree of such autonomy and the concrete determination of competency are contained in common law and in the Rules or Constitutions of each institute (MR 13). The liberty and concern accorded to the religious life is not meant to distance itself from the hierarchy or communion in ministry; but to make available plentifully the experience of the *sanyasa* of the Church

**The Consecrated Life in the Syro-Malankara Catholic Church**

Religious life has its origin in the Orient. St Anthonios (251-356), St Pachomios and St Basil are considered the fathers of monastic and religious life in the East. From the East it was transferred to the Western Church by St Benedict (480-547) and St Scholastica. Religious life, especially monasticism, became the spiritual source of the life of the Church. The liturgy of the Antiochene Church is replete with references of "churches and *dayaras'* that live the Christ-experience and contribute to the spiritual life of the Church. The liturgical life of the Church has its origin and sustenance in monastic life.

Though a particular monastic movement did not originate in the Indian Church of the early periods, through its liturgical life it was rooted in the monastic spirituality of the Oriental Church. India is very much renowned for its ascetic heritage and monastic traditions. The St. Thomas Christians integrated these Indian ideals and promoted them into the Christian monastic lifestyle. The ascetical practices and the Christian witnessing that existed in the early Indian Church were very much appealing.

Inheriting the St Thomas Christian heritage, there were no monastic communities in the Malankara Syrian Church too. There were Antiochian monks who were known as 'Rambans' in the Malankara Church, following the rules of St. Anthony of the desert and according to the Syrian tradition. In due course, the Malankara Church fell into a sort of 'spiritual apathy.' In the beginning of the twentieth century, it was a great spiritual concern for Fr P T Geevarghese (later Mar Ivanios). Through prayer and penance, Mar Ivanios, recognized that one must undergo a personal spiritual renewal in order to elevate the Malankara community from its spiritual slumber. (Louis Moolaveettil, *The Spiritual Life of Mar Ivanios*, 23). Thus Religious life had its institutional beginning in the Malankara Church with the foundation of Bethany Ashram and later Bethany Madhom by Mar Ivanios with the aim "realisation of God

(*Daiva sampadanam*) is nobler than the service of God (*Daiva sevanam*)" . It is with the same vision that he promoted the Congregation of the Daughters of Mary in the SMCC. Mar Ivanios firmly believed that only people with deep God-experience, religious life of prayer and penance, can renew the Church and effectively proclaim the Gospel in India (Cyril Malancharuvil, *The Syro-Malankara Church,* 190).

This unique vision of the Servant of God Mar Ivanios on *sanyasa* was inspired by and identified with the monastic vision of St. Basil and the Indian *sanyasa*. *Sanyasa* for him was a radical following of Jesus the Messiah, who was "the first *Sanyasi* who appeared on earth… The origin, founder, and ideal man of *Sanyasa* is Jesus" (Mar Ivanios, *Sanyasajeevithasahai*, 17-19). In his vision of the role and relationship of *sanyasa* communities in the Church, he anticipates the teachings of the Second Vatican Council. According to him a religious community is a small church within the Church… The accepted goal of Christianity is the cross. The Church, which daily follows Jesus, freely carrying the cross - the Church within the Church - the small "Church," which is the heart of the holy Church, is the Religious community (Mar Ivanios, *Sanyasajeevithasahai*, 17-19) .

The religious communities of the Syro-Malankara Catholic Church follow the genius of the Oriental monastic life and Indian *Sanyasa* founded on the charism of the Servant of God Archbishop Mar Ivanios. Through the Reunion Movement the Malankara Church came into communion with Catholic and was transplanted into the bosom of the Bethany *Sanyasa*. Today the Church is nurtured by the religious congregations founded or promoted by the Servant of God and about 25 other religious communities, both of men and women, including monasteries.

**The Observance of Year of Consecrated Life in the SMCC**

May all the religious communities of our Church take note of the observances of the Year of Consecrated Life to be organized in Rome and take part in them as per the decisions of the respective religious communities.

At the outset, I draw your attention to the fact that the Year of Consecrated Life is observed to promote the charism and role of consecrated life in the Church. It is observed by the clergy, religious and the laity, the people of God. It is observed to increase awareness of consecrated life in the modern world and renew consecrated life to respond to the challenges. The observances should lead to greater awareness of promoting vocations to religious life. It is not a matter of extravagant celebrations and investing honours.

According to the decision of the Holy Episcopal Synod convoked from 20-22 September 2014, the inauguration of the Year of Consecrated Life in the SMCC will be on 30 November 2014. Each Eparchial Bishop / Exarch or Apostolic Visitator, on behalf of the Church, inaugurates the Year of Consecrated Life in his Eparchy / Exarchate / Region inviting all the Christian faithful to a concelebrated Holy Qurbono in the Cathedral Church. A *sanyasasammelanam* of the Syro-Malankara Catholic Church will be organised at the venue of the $85^{th}$ Reunion Day Celebrations and *Sabha Sanghamam* to be hosted by the Archieparchy of Tiruvalla. The Synodal Commission for the Religious shall plan other relevant common programmes at the ecclesial level.

At the Eparchial level, the Bishops shall bring all the religious together for a gathering along with the clergy and other faithful of the Eparchy. Other programmes can be also chalked out. Measures to strengthen the functions of the Malankara Religious Conference (MRC) at ecclesial, Eparchial and unit levels shall be promoted.

Similar gatherings shall be also organized at the ecclesiastical district level and the Protopresbyters shall see to it. In accordance with the need and circumstances of each parish, and taking into consideration the religious assisting in the parishes, parish level observances can be planned and executed.

Each religious community, according to the decision of the Major Superiors and Superiors and their respective Councils, should plan their programmes. The Clergy and other Christian faithful can be invited to these observances to ensure greater awareness of religious life in the Church.

The Eparchies and Religious communities are to send a report of the observance of the YCL to the Synodal Commission for the Religious, so that a consolidated report could be presented to the Holy Episcopal Synod in due time.

**Conclusion**

There are symptoms of a crisis that exist in consecrated life in the Church. There is a drop in vocations to priestly and religious life. The Pope calls for the observance of the YCL at a time when the SMCC also feels the pinch of the fall of vocations to religious life, especially to the vocation of the religious sisters. Through the observance of the Year of the Consecrated life, the People of God obtains as witness untainted dedication. Vocations to *sanyasa* should increase. It should motivate us to love and serve the Church more.

Two important facts need to be cleared about the situation of crisis. In the first place, religious life has gone through several periods of crisis in the past and has come out of them transformed and strengthened. Secondly, a crisis is not a purely negative phenomenon. As an individual's life is periodically subject to critical stages of transformation from infancy to childhood, adolescence and successive steps in adulthood, the religious life will evolve itself to emerge strengthened with self-awareness to respond to the challenges of the modern time.

As the whole Univesal Church is observing the Year of Consecrated Life, I invite the faithful children of the Church to participate and cooperate in it sincerely. May the realization of God deepen so as to proclaim with new vigor of the Good News, through this Year of Consecrated Life. Let us prayerfully try to realize what Servan tof God Archbishop Mar Ivanios bequeathed to the Church through his charism. I invoke on the entire Church, especially the religious, the intercession of the Blessed Virgin Mary the Mother of the Church, the Mother of the priests and religious, in the Year of Consecrated Life. May God bless you all abundantly!

May all these be fulfilled through the prayers of the Blessed Virgin Mary, the Mother of God and the communion of Apostles, especially of our Father and Apostle St. Thomas and all the Saints. Amen.

Your humble servant in the Lord

Sd/-
✠ **Baselios Cardinal Cleemis**
Major Archbishop-Catholicos
of the Syro-Malankara Catholic Church

10.11.2014
Catholicate Centre
Pattom, Trivandrum

# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 3/2014

## സർക്കുലർ

## 84–ാം പുനരൈക്യ വാർഷികസഭാസംഗമം

ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളെ,

84–ാം പുനരൈക്യ വാർഷികം ആഘോഷിക്കാൻ നാം ഒരുങ്ങുകയാണല്ലോ. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ, 1978–ൽ രൂപീകൃതമായതും, മൂന്നാമത്തെ ഭദ്രാസനവുമായ, ബത്തേരിയിൽ 2014 സെപ്തംബർ 18 മുതൽ 20 വരെ പുനരൈക്യ വാർഷികവും സഭാസംഗമവും വിവിധ പരിപാടികളോടെ നാം കൊണ്ടാടുകയാണ്. "ആസന്നഭാവിയിൽ പുനരൈക്യ പ്രസ്ഥാനം പതിന്മടങ്ങ് ശക്തി പ്രാപിക്കുമെന്നുള്ള ശുഭപ്രതീക്ഷ ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രചോദനമേകികൊണ്ടിരിക്കുന്നു" (മഹത്സൂക്തങ്ങൾ, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, പേജ്, 93) എന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ വാക്കുകൾ ബത്തേരി ഭദ്രാസനത്തിന്റെ സ്ഥാപനത്തിലൂടെയും വളർച്ചയിലൂടെയും ഇന്നും അന്വർത്ഥമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് ഈ ഭദ്രാസനത്തിൽവച്ച് നാം പുനരൈക്യ വാർഷികം ആഘോഷിക്കുന്നത്.

ഈ വർഷത്തെ പുനരൈക്യ വാർഷികാഘോഷം പരി. ഫ്രാൻസിസ് മാർപാപ്പാ 2014 ഒക്ടോബർ മാസത്തിൽ ആഗോള കത്തോലിക്കാസഭയിൽ കുടുംബനവീകരണത്തിന്റെ വിചിന്തനത്തിനായി വിളിച്ചുകൂട്ടിയിരിക്കുന്ന സുന്നഹദോസിന്റെ പശ്ചാത്തലത്തോടു ചേർന്നാണ് നാം ആചരിക്കുന്നത്. സുന്നഹദോസിന്റെ വിഷയമായ "കുടുംബജീവിതത്തിൽ നേരിടുന്ന വെല്ലുവിളികൾ" നമ്മുടെ ചിന്തയ്ക്ക് വിഷയമാക്കാം. പ്രത്യേകിച്ച് നമ്മുടെ ഇടവകകളും കുടുംബങ്ങളും വിശ്വാസത്തിലും ധാർമ്മികതയിലും ശക്തിപ്പെടണം. പരി. മാർപാപ്പാ 'സുവിശേഷത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഇപ്രകാരം പറയുന്നു: "തലമുറകളിൽനിന്ന് തലമുറകളിലേക്ക് ക്രൈസ്തവ വിശ്വാസം പകർന്നു നൽകുന്ന കാര്യത്തിൽ കത്തോലിക്കർക്കിടയിൽ ഒരു തകർച്ച ഇക്കഴിഞ്ഞ ദശകങ്ങളിൽ ഉണ്ടായിട്ടുണ്ടെന്ന് നമുക്ക് അവഗണിക്കാനാവാത്ത വസ്തുതയാണ്... കുടുംബങ്ങളിൽ സംഭാഷണത്തിനുള്ള അവസരങ്ങളിലെ അഭാവം, സമ്പർക്ക മാധ്യമങ്ങളുടെ സ്വാധീനം, ആപേക്ഷികതാവാദപരമായ വ്യക്തി നിഷ്ഠതാവാദം, വിപണിയെ തീറ്റിപ്പോറ്റുന്ന അനിയന്ത്രിതമായ ഉപഭോഗ സംസ്ക്കാരം, ദരിദ്രരുടെ ഇടയിലുള്ള അജപാലനപരമായ ശ്രദ്ധയുടെ അഭാവം, ഹൃദ്യതയോടെ ആളുകളെ സ്വീകരിക്കുന്ന കാര്യത്തിൽ നമ്മുടെ സ്ഥാപനങ്ങൾക്കുണ്ടാകുന്ന പരാജയം, വിവിധ മതങ്ങളുള്ള പ്രദേശങ്ങളിൽ വിശ്വാസത്തിന്റെ മിസ്റ്റിക്കൽ ബന്ധം പുനഃസ്ഥാപിക്കുന്നതിനുള്ള നമ്മുടെ പ്രയാസം" (EG 70) – ഈ വെല്ലുവിളികളെ നേരിടുന്നതിനുള്ള ആഗ്രഹത്തിന്റെ വെളിച്ചത്തിലാണ് ആഗോളസഭ കുടുംബത്തെ നയിക്കുവാനും ശക്തിപ്പെടുത്തുവാ

നുമുള്ള നിയോഗത്തോടെ മുന്നോട്ടുവന്നിരിക്കുന്നത് (Instrumentum Laboris on the Challanges of the Family, 18). മലങ്കര സഭയിലെ കുടുംബ ജീവിത നവീകരണത്തിനുള്ള അവസരമായി ഈ സുന്നഹദോസിന്റേയും പുനരൈക്യ വാർഷികത്തിന്റേയും സന്ദർഭം നമുക്ക് വിനിയോഗിക്കാം. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ (ഉല്പ 1:26) തന്റെ ചരിത്രത്തിലെ പുതിയ സാഹചര്യങ്ങളെ വായിച്ചറിയുവാനും വ്യഖ്യാനിക്കുവാനും അതിനനുസൃതം കുടുംബജീവിതത്തെ ക്രമപ്പെടുത്തുവാനും തയ്യാറാകണം. അങ്ങനെ 84-ാം പുനരൈക്യ വാർഷിക സഭാസംഗമം നമുക്ക് കുടുംബനവീകരണത്തിന്റെ അവസരമാകട്ടെ.

വിപുലമായ ആത്മീയശുശ്രൂഷകളാണ് ഈ വർഷത്തെ പുനരൈക്യ വാർഷികവുമായി ബന്ധപ്പെട്ട് ക്രമീകരിച്ചിരിക്കുന്നത്. 2014 സെപ്തംബർ 18-ാം തീയതി ഉച്ചയ്ക്ക് ദീപശിഖാ പ്രയാണത്തോടും വിളംബരഘോഷയാത്രയോടുംകൂടി 84-ാം പുനരൈക്യവാർഷികാഘോഷങ്ങൾക്ക് തുടക്കം കുറിക്കുന്നു. അന്നേദിവസം ഉച്ചയ്ക്കുശേഷം 3 മണിക്ക് സാഹിത്യസമ്മേളനവും മാതൃസംഗമവും എക്സിബിഷൻ ഉദ്ഘാടനവും നടക്കുന്നതാണ്. 19-ാം തീയതി രാവിലെ 9 മണിക്ക് എം.സി.സി. എൽ., എം.സി.വൈ.എം., എം.സി.എ. എന്നീ സംഘടനകൾ പരി. ഫ്രാൻസിസ് മാർപാപ്പാ പ്രഖ്യാപിച്ചിരിക്കുന്ന കുടുംബനവീകരണവുമായി ബന്ധപ്പെട്ട പ്രത്യേക പഠന സെമിനാറുകൾ ക്രമീകരിച്ചിരിക്കുന്നു. അന്ന് ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് സർവമത സമ്മേളനവും വൈകുന്നേരം 5.30-ന് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സുവിശേഷസംഘത്തിന്റെ ആഭിമുഖ്യത്തിൽ സുവിശേഷ സന്ധ്യയും ഉണ്ടായിരിക്കുന്നതാണ്. 20-ാം തീയതി രാവിലെ 8 മണിക്ക് ആഘോഷമായ വിശുദ്ധ കുർബാനയും തുടർന്ന് പൊതുസമ്മേളനവും നടത്തുന്നതാണ്.

സീറോ-മലബാർ സഭാതലവൻ മാർ ജോർജ്ജ് കർദ്ദിനാൾ ആലഞ്ചേരി, ഇൻഡ്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ്പ് സാൽവത്തോരെ പെനാക്കിയോ എന്നിവരും വിവിധ മത-സാമൂഹിക-രാഷ്ട്രീയ നേതാക്കന്മാരും ഈ സഭാസംഗമത്തിൽ നമ്മോടുകൂടി പങ്കുചേരുന്നു. പ്രേഷിതറാലിയോടുകൂടി ഈ സഭാസംഗമം സമാപിക്കുന്നതാണ്. ഈ ആഘോഷങ്ങളിൽ പങ്കുചേർന്ന് നമ്മുടെ സഭാത്മകജീവിതത്തിനും, കുടുംബനവീകരണത്തിനും ഒരു ആത്മീയ ഉണർവ്വ് ലഭിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.

ഒക്ടോബർ മാസത്തിൽ റോമിൽ നടക്കുന്ന സുന്നഹദോസിൽ നമ്മുടെ സഭയെ പ്രതിനിധീകരിച്ച് ഞാൻ പങ്കെടുക്കുന്നതാണ്. സുന്നഹദോസിന്റെ വിജയത്തിനായും, ബലഹീനനായ എനിക്കുവേണ്ടിയും നിങ്ങളുടെ പ്രാർത്ഥനാസഹായം ഞാൻ അപേക്ഷിക്കുന്നു.

ദൈവം നിങ്ങളേവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

കർത്താവിൽ സ്നേഹപൂർവം,

+ Baselios cleemis

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാബാവാ

01-09-2014
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

NB:- ഈ സർക്കുലർ അടുത്ത ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 3/2014

## Circular

### 84th Reunion Anniversary Ecclesial Gathering

Reverend Fathers, Deacons, Religious and dear Faithful in the Lord,

We are preparing to celebrate the 84th Reunion Anniversary. We commemorate this event with various programmes from 18 to 20 September 2014 in Bathery, the third Eparchy of the Syro-Malankara Catholic Church, erected in 1978. We celebrate this anniversary in an age and where, through the establishment and growth of the Eparchy of Bathery, the words of the Servant of God Archbishop Mar Ivanios, "The great expectations that the reunion movement will attain more strength in the near future inspires our activities" (*Mahatsukthangal* of Archbishop Mar Ivanios, p. 93), is being actualized.

We celebrate this year's Reunion anniversary in the background of the Synod of the Universal Church convoked by His Holiness Pope Francis to reflect over the renewal of the family. The theme of the Synod, "The Challenges the family faces" shall be made the focus for our thoughts. Our parishes and families shall be strengthened in faith and moral values. His Holiness, the Pope in his Apostolic Exhortation, 'Evangelii Gaudium' says, "Nor can we overlook the fact that in recent decades there has been a breakdown in the way Catholics pass down the Christian faith to the young…The causes of this breakdown include: a lack of opportunity for dialogue in families, the influence of the communications media, a relativistic subjectivism, unbridled consumerism which feeds the market, lack of pastoral care among the poor, the failure of our institutions to be welcoming, and our difficulty in restoring a mystical adherence to the faith in a pluralistic religious landscape" (EG 70). To confront these challenges, the Universal Church comes forward with the desire to offer support and guidance to the family (*Instrumentum Laboris* on the Challenges of the Family, 18). Let us make use of theseoccasions of the Synod and the Reunion Anniversary to renew the family life in the Malankara Church. Man, created in the image and likeness of God (Gen 1:26), should be

ready to read and interpret his history in the new situations and accordingly order the family life. Thus, may the 84th Reunion Anniversary Ecclesial Gathering be an occasion for us, to renew the family!

Elaborate Spiritual Services are scheduledfor this year's Reunion Anniversary. In the afternoon of 18 September 2014.The 84th Reunion Anniversary celebrations will begin with the *deepasikhaprayanam* and the *vilambara*. On the same day afternoon at 3 p.m., the *sahityasammelanam* (gathering of the writers), the *mathrusangamam* (the meeting of the mothers) and the inauguration of the exhibition will take place. On 19th morning at 9 a.m. special study seminars on "Renewal of the Family", a theme announced by His Holiness Pope Francis, are organized by the associations MCCL, MCYM and MCA. On the same day afternoon, at 3 p.m. an Interreligious Meeting and in the evening at 5.30 p.m. *SuviseshaSangam* of Syro-Malankara Catholic Church organizes a *SuviseshaSandhya*. The solemn Holy Qurbono will beginat 8:00 a.m., on 20 September. This is followed by the public meeting.

His Beatitude Mar George Cardinal Alanchery, the head of the Syro-Malabar Church, His Grace Archbishop Salvatore Pennacchio, the Apostolic Nuncio in India, and other religious, social and political leaders join us to participate in the *Sabha Sangamam*. The celebrations conclude with the *Preshita* Rally. Let us participate in the celebrations and pray for spiritual awakeningin our ecclesial life and in family renewal.

Representing our Church, I will participate in the Synod to be convoked in Rome in October. I request your prayers for the success of the Synod and for me personally.

May God bless you abundantly

Your humble servant in the Lord

sd/-

**✠ Baselios Cardinal Cleemis**

Major Archbishop-Catholicos

of the Syro-MalankaraCatholic Church

N.B. :This circular should be read in all our churches, mission centres and centres of worship during the Holy Qurbono on Sunday.

**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

# യുവജനദിന സന്ദേശം–2014

## യുവജനങ്ങൾക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ മോസ്റ്റ് റവ. വിൻസന്റ് മാർ പൗലോസ് മെത്രാപ്പോലീത്തായുടെ സന്ദേശം

*"ദൈവത്തിൽ വിശ്വാസമർപ്പിച്ച് നന്മ ചെയ്യുക, അപ്പോൾ ഭൂമിയിൽ സുരക്ഷിതരായി വസിക്കാം. കർത്താവിൽ ആനന്ദിക്കുക, അവിടുന്ന് നിന്റെ ആവശ്യങ്ങൾ സാധിച്ചുതരും" (സങ്കീ 37: 3-4).*

ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, എന്റെ പ്രിയങ്കരരായ യുവജനസുഹൃത്തുക്കളെ,

യുവജനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ്സ് അസ്സീസിയുടെ തിരുന്നാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച, 2014 ഒക്ടോബർ 5, യുവജനദിനമായി ആഘോഷിക്കുന്ന ഈ അവസരത്തിൽ എല്ലാ യുവജനസുഹൃത്തുക്കൾക്കും കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ ഹൃദയംനിറഞ്ഞ ആശംസകളും, പ്രാർത്ഥനയും നേരുന്നു. നമ്മുടെ സഭയിൽ യുവജനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരേയും നന്ദിയോടും സ്നേഹത്തോടും ഞാൻ ഓർക്കുന്നു.

"സുവിശേഷവത്ക്കരണത്തിൽ കുടുംബം നേരിടുന്ന അജപാലനപരമായ വെല്ലുവിളികൾ'' എന്ന വിഷയവുമായി ബന്ധപ്പെട്ട് ഫ്രാൻസിസ്സ് മാർപാപ്പാ ആഗോളകത്തോലിക്കാസഭയിൽ വിളിച്ചുകൂട്ടുന്ന സുന്നഹദോസിന്റെ പശ്ചാത്തലത്തിൽ ആഘോഷിക്കപ്പെടുന്ന ഈ യുവജനദിനത്തിൽ 'കുടുംബതലത്തിൽ യുവജനങ്ങളുടെ പങ്കി'നെപ്പറ്റി ചിന്തിക്കുവാൻ നമ്മുടെ സഭയിലെ എല്ലാ യുവജനങ്ങളേയും വിശ്വാസികളേയും ഞാൻ ക്ഷണിക്കുന്നു.

**കുടുംബം: യുവതലമുറയുടെ പ്രാഥമികതലം**

സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാന മൂലക്കല്ലാണ് കുടുംബം. സാമൂഹികവും സ്വയരൂപീകരണപരവുമായ അനുഭവത്തിന്റെ തലമാണത്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ തന്റെ ഒരു പ്രസംഗത്തിൽ സൂചിപ്പിച്ചതുപോലെ, "കുടുബം ഒരു ഗാർഹിക സഭയാണ്". പരമ്പരാഗതമായ ഈ ആശയത്തിന്റെ അർത്ഥം, ഭവനം സഭയുടെ ഒരു ചെറുപതിപ്പാണ് എന്നതാണ്. സഭ ദൈവസ്നേഹത്തിന്റെ കൂദാശയാണ്. അവൾ ജീവിതത്തിന്റെയും വിശ്വാസത്തിന്റെയും സംയോജിക്കലാകുന്നു. അവൾ അമ്മയും ഗുരുനാഥയുമാണ്. സർവമനുഷ്യകുടുംബത്തിന്റെയും ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന അവൾ, ആത്യന്തികലക്ഷ്യം ലാക്കാക്കി മുന്നേറുകയും ചെയ്യുന്നു. അതുപോലെത്തന്നെ കുടുംബം സ്നേഹത്തിന്റെയും ജീവന്റെയും

സമൂഹമാണ്. മാനുഷിക പക്വതയുടെ പൂർണതയിലേക്ക് അതിലെ അംഗങ്ങളെ അഭ്യസിപ്പിക്കുകയും നയിക്കുകയും ജീവന്റെ പാതയിൽ വ്യാപരിക്കുന്നവരുടെ നന്മയ്ക്കായി പരിശ്രമിക്കുകയും ചെയ്യുന്നു. അതിന്റെ വഴികളിൽ അത് സജീവ പ്രതിബിംബങ്ങളും, സഭയുടെ രഹസ്യാത്മകതയുടെ ചരിത്രപ്രകാശനവുമാണ്. അതിനാൽ സഭയുടെയും ലോകത്തിന്റെയും ഭാവി കുടുംബത്തിലൂടെ കടന്നുവരുന്നു (ഓസ്ട്രേലിയൻ അജപാലന സന്ദർശം, വി. ജോൺപോൾ രണ്ടാമന്റെ പ്രസംഗം, നമ്പർ 3).

യുവതലമുറയ്ക്ക്, വിശ്വാസം കൈമാറ്റപ്പെടുന്നതും പഠിപ്പിക്കപ്പെടുന്നതും കുടുംബത്തിലാണ്. പലപ്പോഴും കുടുംബത്തിന്റെ പശ്ചാത്തലത്തിലാണ് ദൈവത്തെ ശ്രവിക്കാനും പ്രത്യുത്തരം നൽകുവാനും സാധിക്കുന്നത്. തങ്ങളുടെ അനുദിന ജീവിതത്തെ സുവിശേഷ സന്ദേശവുമായി കോർത്തിണക്കുവാൻ പഠിക്കുന്നത് കുടുംബത്തിൽ നിന്നാണ്. യുവജനങ്ങളുടെ ജീവിതത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്നത് അവരുടെ മാതാപിതാക്കളാണ്. അവരാണ് അവരുടെ കുടുംബത്തിലെ പ്രഥമ യുവജന പരിശീലകരും മതാദ്ധ്യാപകരും. കുടുംബ പശ്ചാത്തലത്തിൽ യുവതലമുറയുടെ സാമൂഹികവും വൈകാരികവും ആദ്ധ്യാത്മികവുമായ വളർച്ച പരിപോഷിപ്പിക്കപ്പെടുന്നു. ദൈവസാന്നിദ്ധ്യത്തിൽ പരിലസിക്കുന്ന ക്രിസ്തീയ കുടുംബങ്ങൾ വിശുദ്ധവും പവിത്രവുമാണ്; സാധാരണവും അസാധാരണവുമായജീവിതസംഭവങ്ങളിൽ അത് സുദൃഢമായി നിലകൊള്ളുന്നു.

യുവതലമുറ ലോകത്തെ കെട്ടിപ്പടുക്കുന്നു. സാങ്കേതിക, മാധ്യമ, വിദ്യാഭ്യാസ, ശാസ്ത്രീയ, സാമൂഹിക രംഗങ്ങളിലൂടെ ഇന്നത്തെ ലോകത്തെ രൂപപ്പെടുത്തുന്നതിൽ അവർ വലിയ സംഭാവന നൽകുന്നുണ്ട്. അവർ ഏർപ്പെടുന്ന ഹിംസ, തർക്കങ്ങൾ, ദുശ്ശീലങ്ങൾ, വ്യക്തി മാഹാത്മ്യവാദം, അന്യതാഭാവം, വിവേചനം എന്നിവ മനുഷ്യരാശിയുടെ വിധി നിർണയിക്കുന്നു. അടുത്തിടെ പരി. ഫ്രാൻസിസ് മാർപാപ്പാ ഏഷ്യയിലെ യുവജനങ്ങളെ അഭിസംബോധന ചെയ്ത് ഇങ്ങനെ സംസാരിച്ചു, "ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള യുവജനങ്ങളോട്ചേർന്ന് സൗഹൃദത്തിലും സമാധാനത്തിലും തടസങ്ങളെ തരണം ചെയ്തും, വിഭജനത്തിന്റെ മുറിവുകളെ ഉണക്കികൊണ്ടും ഹിംസയേയും മുൻവിധികളെയും എതിർത്തുകൊണ്ടും, നാം ഒരുമയോടെ ജീവിക്കുന്ന ഈ ലോകത്തെ വാർത്തെടുക്കുന്നതിൽ സഹായിക്കുവിൻ. ഇതാണ് ദൈവം നമ്മിൽനിന്നും ആവശ്യപ്പെടുന്നത്. മനുഷ്യകുടുംബത്തെ മുഴുവൻ ഐക്യത്തിൽ നിലനിർത്തുന്ന ഒരു ബീജമായിത്തീരുവാനാണ് സഭ നിലകൊള്ളുന്നത്. ക്രിസ്തുവിൽ എല്ലാ ദേശവും ജനങ്ങളും ഐക്യത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു. നാനാത്വത്തെ അത് ഇല്ലാതാക്കുന്നില്ല - തകർക്കുന്നില്ല. എന്നാൽ അവയെ തിരിച്ചറിയുന്നു, അനുരഞ്ജിപ്പിക്കുന്നു, സമ്പുഷ്ടമാക്കുന്നു (ആറാം ഏഷ്യൻ യുവജനദിനം, കൊറിയ, 15 ഓഗസ്റ്റ് 2014).

**മൂല്യങ്ങളെ വിലമതിക്കുക**

ലോകത്തെകുറിച്ചുള്ള ദൈവീകപദ്ധതിയുടെ ഹൃദയമാണ് കുടുംബം. മുൻതലമുറ കൈമാറിയ മൂല്യങ്ങളിലൂടെ കെട്ടിയുയർത്തിയതാണ് പലപ്പോഴും കുടുംബജീവിതം. പരമ്പരാഗതമായ ക്രിസ്തീയ കുടുംബങ്ങളിൽനിന്നുപോലും ഇന്ന് കുടുംബമൂല്യങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു എന്ന് പറയുന്നതിൽ ഖേദമുണ്ട്. ഇത് അതിശക്തമായി അനുഭവപ്പെടുന്നതിനാൽ ഇതിനെ *സാംസ്ക്കാരിക സുനാമി* എന്ന് വിളിക്കുന്നു. സാസ്ക്കാരിക വിപ്ലവത്തിന്റെ പേരിൽ, മനുഷ്യ

കുലത്തിന്റെ അടിത്തറതന്നെയായ കുടുംബം ആക്രമിക്കപ്പെടുന്നു. ചിന്നഭിന്നമായി തകർക്കപ്പെട്ട കുടുംബം, പ്രായമുള്ളവരുടെ ഏകാന്തത, ഉപേക്ഷിക്കപ്പെടൽ, വേർപിരിഞ്ഞ മാതാപിതാക്കളുടെ കുടുംബങ്ങളിലെ കുട്ടികളുടെ വൈകാരിക തകർച്ച, സഹനങ്ങൾ, വിദ്യാഭ്യാസ പരാജയങ്ങൾ, ദിശാബോധമില്ലായ്മ, ആത്മഹത്യ എന്നിവ സാത്താൻസേവയിലും ഹിംസയിലും മയക്കുമരുന്നിലും കൊണ്ടെത്തിക്കുന്നു. ഇവ കുടുംബ മൂല്യതകർച്ചയുടെ പരിണിതഫലങ്ങളാണ്. നവീന യുഗത്തിലെ മനുഷ്യൻ കുടുംബത്തെ വ്യത്യസ്തമാനത്തോടുകൂടെ നോക്കി കാണുന്നു. കുടുംബത്തിൽനിന്ന് ഇണയിലേക്കും, ദമ്പതികളിൽനിന്ന് പങ്കാളികളിലേക്കും, വിവാഹത്തിൽനിന്ന് സ്വതന്ത്രസ്നേഹത്തിലേക്കും, സന്തോഷത്തിൽനിന്ന് സുസ്ഥിതിയിലേക്കും, മാതാപിതാക്കളുടെ അധികാരത്തിൽനിന്നും കുഞ്ഞുങ്ങളുടെ അവകാശത്തിലേക്കും, സ്വയദാനത്തിൽനിന്നും ഒരുവന്റെ ശാരീരികാവകാശത്തിലേക്കും, മനസാക്ഷിയിൽനിന്നും സ്വതന്ത്ര തിരഞ്ഞെടുപ്പിലേക്കും, പരസ്പരവ്യക്തിബന്ധങ്ങളിൽനിന്നും പേരില്ലാത്ത-മുഖമില്ലാത്ത വ്യക്തികളിലേക്കുള്ള സംയോജനത്തിലേക്കും, ജീവിത സംസ്ക്കരണത്തിൽനിന്നും പുനർനിർമാതാക്കളിലേക്കും നമ്മൾ മാറ്റപ്പെട്ടിരിക്കുന്നു. ഇതാണ് ക്രിസ്തീയ ഭവനങ്ങളിൽ സംഭവിച്ചേക്കാവുന്ന യഥാർത്ഥമായ *സാംസ്ക്കാരിക സുനാമി*, കുടുംബമൂല്യങ്ങളിൽ വന്നുഭവിക്കാവുന്ന തകർച്ച.

ഈ അവസ്ഥ മാറ്റുവാൻ ആർക്ക് സാധിക്കും? ചലനാത്മകമായ കത്തോലിക്കാ വിശ്വാസമുള്ള യുവജനങ്ങൾക്കു അത് വേഗത്തിൽ സാധിക്കും. മൂല്യങ്ങളെ ആദരിക്കുന്ന യുവജനങ്ങൾക്കു മാത്രമേ മാറ്റങ്ങൾ വരുത്തുവാൻ കഴിയൂ. അതിനാൽ നമുക്ക് കുടുംബത്തെ അടിസ്ഥാനമാക്കിയുള്ള യുവജന ശുശ്രൂഷ ആവശ്യമാണ്.

**ജീവൻ നൽകുന്ന ആത്മീയ തഴക്കങ്ങൾ**

യഥാർത്ഥ ക്രിസ്തുശിഷ്യരാകുവാൻ ആഗ്രഹിക്കുന്ന, ഊർജസ്വലരായ കത്തോലിക്കാ യുവജനങ്ങൾ, ജീവൻ നൽകുന്ന ആത്മീയ തഴക്കങ്ങൾ വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്. ഇവിടെ അവയിൽ മൂന്നെണ്ണം പരിഗണിക്കാം.

**a) യേശുവിനോടൊപ്പം നടക്കുക:** അനുദിനം ദൈവത്തോടൊത്ത് നടക്കുക എന്നതാണ് ഒന്നാമത്തെ തഴക്കം, അതായത് പ്രാർത്ഥനയിലുള്ള അനുദിന സമർപ്പണം. ഇതിനെ വിശുദ്ധ പൗലോസ് ശ്ലീഹാ വിളിക്കുന്നത് 'ഇടവിടാതെയുള്ള പ്രാർത്ഥന' എന്നാണ് (1 തെസ 5:17). ദൈവത്തോടൊപ്പം ചലിക്കുക എന്നുപറയുമ്പോൾ ദൈവസാന്നിദ്ധ്യത്തോട് ആർജവത്വമുള്ളവരായി മാറുക, ദൈവമഹത്വത്തിനായി എല്ലാ കാര്യങ്ങളും ചെയ്യുക എന്നാണ്. ദൈവത്തോടൊപ്പം നടക്കാനുള്ള വഴികൾ ഇവയാണ്:1. ദൈവസാന്നിദ്ധ്യ സ്മരണ – എന്റെ ആത്മാവിലുള്ള ദൈവീക ജീവനെക്കുറിച്ച് അതിയായ ബോധ്യത്തിലെത്തുക. 2. വി. കുർബാനയുടെ ആരാധനയിൽ നാം ആ ദൈവസാന്നിദ്ധ്യം അനുഭവിക്കുന്നു. 3. ക്രിസ്തുവിന്റെ മുഖത്തെ ധ്യാനിക്കുക – ഇതാണ് പ്രാർത്ഥന. ഈ സാധാരണ, എന്നാൽ ചലനാത്മകവും ക്രിയാത്മകവുമായ പ്രാർത്ഥനകളിലൂടെ ദൈവത്തോടൊപ്പം ചലിക്കുവാൻ നമുക്ക് കഴിയും. അസീസിയിലെ വി. ഫ്രാൻസിസിനെപ്പോലുള്ള ആളുകൾ വിശുദ്ധിയുടെ അത്യുന്നത പടവുകളിൽ എത്തിയത്, യേശുവിനോടൊപ്പം സഞ്ചരിച്ചതുകൊണ്ടാണ്.

**b) വചനം പ്രാർത്ഥിക്കുക:** ക്രിയാത്മകരായ കത്തോലിക്കാ യുവജനങ്ങൾ അഭ്യസിക്കേണ്ട രണ്ടാമത്തെ ആത്മീയ തഴക്കം ദൈവവചനം പ്രാർത്ഥിക്കുക എന്നതാണ്. വിശ്വാസത്തെപ്പറ്റി കൂടുതൽ പഠിക്കുക. ഒരു യഥാർത്ഥ ക്രിസ്തു ശിഷ്യൻ അവിടുത്തെ പാദാന്തികത്തിൽ ഇരുന്ന് പഠിക്കും. ഫ്രാൻസിസ് മാർപാപ്പാ തന്റെ അപ്പസ്തോലിക പ്രബോധനമായ "സുവിശേഷത്തിന്റെ സന്തോഷ"ത്തിൽ വേദപുസ്തകത്തെപ്പറ്റി ഇപ്രകാരം പഠിപ്പിക്കുന്നു: "വിശുദ്ധലിഖിതങ്ങളുടെ പഠനം ഓരോ വിശ്വാസിക്കുംവേണ്ടി തുറക്കപ്പെട്ട വാതിലായിരിക്കണം... ദൈവവചനവു മായുള്ള ഈ പരിചയം സുവിശേഷവത്ക്കരണത്തിന് അത്യന്താപേഷിതമാണ്... ഇത് നമ്മെ ദൈവവചനത്തിന്റെ... ഗൗരവപൂർണമായ തുടർപഠനത്തിലേക്ക് നയിക്കേണ്ടതാണ്" (നം. 175). ഇത് വെറും വചനപാരായണമല്ല; പിന്നെയോ ദൈവ വചനം പ്രാർത്ഥിക്കുകയാണ്. വചനം നമ്മൾ വായിക്കുമ്പോൾ വി. ഗ്രന്ഥത്തിലും പ്രാർത്ഥനയിലും ദൈവത്തെ നാം കണ്ടുമുട്ടുകയാണ്. സുവിശേഷം ഒരു പ്രേരക ശക്തിയായി ജീവിതത്തിന് ദിശാബോധം നൽകണം. ജീവിതത്തിൽ ഉണ്ടാകാവുന്ന ഏറ്റവും വലിയ അപകടം മരണമോ, തകർച്ചയോ അല്ല പിന്നെയോ ലക്ഷ്യമില്ലാത്ത ജീവിതമാണ്.

**c) യേശു പോകുന്നിടത്തേക്ക് പോവുക**: ഇത് വിരൽചൂണ്ടുന്നത് ശുശ്രൂഷാ മനോനഭാവത്തിലേക്കും സുവിശേഷവത്ക്കരണത്തിലേക്കുമാണ്. ഇത് മറ്റ് രണ്ട് കാര്യങ്ങളുടെയും പരിണിതഫലമാണ്. തന്റെ സുഹൃത്തായ ലാസറിനെ സുഖപ്പെ ടുത്തുവാൻ പോയപ്പോൾ ഏറ്റെടുത്ത സാഹസത്തെ നാം പരിഗണിക്കണം. ഫരിസേയർ യേശുവിനെ കൊല്ലുവാൻ തയ്യാറായിരിക്കേ ജറുസലേമിലെ 5 മൈൽ ചുറ്റളവിൽ സാഹസികമായി അവൻ സഞ്ചരിക്കുന്നു. ശിഷ്യന്മാർക്ക് ഇത് അറിയാ മായിരുന്നു. തോമസ് അവരോട് പറഞ്ഞു: "അവനോടൊപ്പം നമുക്കും പോയി മരിക്കാം" (യോഹ 11:16). അടുത്ത സുഹൃത്തിന്റെ തകർന്ന കുടുംബത്തെ ആശ്ലേഷിക്കുവാനായി യേശു സ്വന്ത സാഹസത്തിൽ ഇറങ്ങി പുറപ്പെട്ടു. യേശു അനുഭവിച്ചറിഞ്ഞ ദൈവസ്നേഹം എല്ലാവരുമായി പങ്കുവയ്ക്കുവാൻ ആഗ്രഹിച്ചു.

ഈ തഴക്കങ്ങൾ പരസ്പരപൂരകങ്ങളാണ്. വി. ഗ്രന്ഥത്തിൽനിന്നും രണ്ടു പേജുകൾ നാം പ്രാർത്ഥിക്കുമെങ്കിൽ, നമ്മുടെ പ്രാർത്ഥനാജീവിതം വളരുകയും നാം മറ്റുള്ളവരോട് ഇതിനെപ്പറ്റി സംസാരിക്കുവാൻ ഒരുങ്ങുകയും ചെയ്യും. ഇതാണ് സുവിശേഷവത്ക്കരണം. എപ്പോൾ നാം ദൈവത്തെ കൂടുതൽ അറിയുമോ അപ്പോൾ നാം നമ്മുടെ അയല്ക്കാരെ തീവ്രമായി സ്നേഹിക്കും. ഈ തഴക്കങ്ങൾ ആധുനിക യുവജനങ്ങളുടെ സ്വഭാവത്തേയും ലക്ഷ്യത്തേയും നിർണയിക്കുന്നതാണ്. ജീവാ ത്മകമായ ആത്മീയ തഴക്കങ്ങൾ ആർജിക്കുവാനുള്ള ലക്ഷ്യത്തോടെ കൂടുതൽ അർത്ഥപൂർണമായി യുവജനദിനം ആചരിക്കാം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലുള്ള പിരപ്പൻകോട് വച്ച് നമ്മുടെ സഭാതലത്തിലുള്ള യുവജ നദിനം ആഘോഷിക്കുന്നതാണ്.

ഈ ദിവസത്തെ വി. കുർബാനയിലെ സ്തോത്രകാഴ്ച ഭദ്രാസന ഫൈനാൻസ് ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് ബന്ധപ്പെട്ട എല്ലാവരെയും ഞാൻ ഓർമ്മപ്പെടുത്തുന്നു. ഈ സ്തോത്രകാഴ്ച ഭദ്രാസന, സഭാതല യുവജന ശുശ്രൂ ഷയ്ക്കായി ഉപയോഗിക്കുന്നതാണ്.

ഈ യുവജനദിനത്തിൽ എല്ലാ യുവജനങ്ങളെയും യുവജനശുശ്രൂഷയിൽ പങ്കാളികളായ ഏവരെയും അവരുടെ വിലയേറിയ സേവനങ്ങളെയും സഭ അംഗീകരിക്കുന്നു, ഏറെ ശ്ലാഘിക്കുന്നു എന്ന് അത്യധികം സന്തോഷത്തോടെ അറിയിക്കുന്നു. നമുക്കെല്ലാവർക്കും ഒന്നുചേർന്ന് യുവജനങ്ങളെ അവരുടെ ജീവിതത്തിന്റെ ശില്പികളായി തീരുന്നതിന് യുവജന-സൗഹൃദ വേദികൾ അടിസ്ഥാനതലങ്ങളിൽ നൽകി അവരെ ശാക്തീകരിക്കാം.

ദൈവം നിങ്ങളെ എല്ലാവരെയും ധാരാളമായി അനുഗ്രഹിക്കട്ടെ!

സ്നേഹാശിർവാദങ്ങളോടെ

15-09-2014
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

**✠ വിൻസെന്റ് മാർ പൗലോസ്**
ചെയർമാൻ,
യുവജനങ്ങൾക്കുവേണ്ടിയുള്ള സിനഡൽ കമ്മീഷൻ,
മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ

---

*N.B: ഈ സർക്കുലർ ഒക്ടോബർ 5-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ ഇടവകളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാകേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*

# THE SYRO-MALANKARA CATHOLIC CHURCH

## MESSAGE ON YOUTH DAY – 2014

### A Circular from Most Rev. Dr. Vincent Mar Paulose, the Chairman of Commission for Youth of the Syro-Malankara Catholic Church, on the occasion of the Youth Day 2014

*“Trust in the LORD, and do good; so you will dwell in the land, and enjoy security. Take delight in the LORD, and he will give you the desires of your heart” (Psalm 37:3-4).*

Dear Reverend Fathers, Reverend Sisters & my beloved young friends,

My hearty greetings and prayers to all my dear young friends in the name of our Lord Jesus Christ, on occasion of the Youth Day that we celebrate in our Church on 5 October 2014, the Sunday after the Feast of St. Francis of Assissi, the Patron of the Youth of our Church. With gratitude and prayers I also greet all who are engaged in the Youth Ministry of our Church.

On this Youth Day, attuned to the Extra-Ordinary Synod convened by the Holy Father Pope Francis on the theme “The pastoral challenges of the family in the context of evangelization”, I call upon the Youth and all the faithful of our Church to reflect on ‘the role of the Youth in the context of the Family.

**Family: The Primary Context for Young People**

Family is the basic cell of the Church and society. It is the context where we get formative and community experience. Saint John Paul II, in one of his homilies said, “The family is the domestic Church”. The meaning of this traditional Christian idea is that the Home is the Church in miniature. The Church is the sacrament of God’s love. She is a communion of faith and life.

She is a mother and teacher. She is at the service of the whole human family as it goes forward towards its ultimate destiny. In the same way the family is a community of life and love. It educates and leads its members to their full human maturity and it serves the good of all along the road of life … In its own way it is a living image and historical representation of the mystery of the Church. The future of the world and of the Church, therefore, passes through the family (Pastoral Visit in Australia, *Homily of St John Paul II,* Number 3).

For the young people, family is the place where faith is handed down and taught. Often they learn how to listen and respond to God in the context of the family. From the family they learn to relate the Gospel messages to their daily life. Parents remain the most influential people in the life of the Youth. They are the principal youth-ministers and catechists of their family. Family is the context where the social, emotional and spiritual growth of the young people is nurtured. Christian family that pursues God's presence is holy and sacred and stays together in the ordinary and extraordinary events of family life.

The young people build the world. Their contributions in technology, media, education, scientific inventions, committed social actions, etc shape the world today. Their involvement in violence, conflicts, addictions, individualism, discrimination and divisions determine the destiny of humankind. Recently Pope Francis addressed the Youth of Asia, and said, "Together with young people everywhere, you want to help build a world where we all live together in peace and friendship, overcoming barriers, healing divisions, rejecting violence and prejudice. And this is exactly what God wants for us. The Church is meant to be a seed of unity for the whole human family. In Christ, all nations and peoples are called to a unity, which does not destroy diversity but acknowledges, reconciles and enriches it" (6th Asian Youth Day, Korea, August 15th 2014).

**Value the Values**

Family is at the heart of God's plan for the world**.** Family life is built through the values often passed down from previous generations. It is discouraging to note that today family values are eroding even in our traditional Christian families. As it is felt so powerful today, it is called a *Cultural Tsunami.* In the name of Cultural Revolution the very structure of the humankind, that is the family, is attacked. Fragmentation in the family, loneliness and abandonment of the elderly, emotional troubles and suffering of children in '*single parent*' families, academic failures, professional disorientation, suicides lead young people to seek refuge in drugs, violence, satanism, loss of cultural traditions and faith, etc. This is the consequence of the degradation of the family values.

The modern man looks at the family from a different perspective. We have moved from families to couples, from spouses to partners, from marriage to free love, from happiness to wellbeing and quality of life, from parental authority to children's rights, from self-giving to ownership of one's body, from conscience to free choice, from interpersonal communion to the fusion of nameless and faceless individuals, from culture of life to a culture of death, parents to reproducers. This is really a *Cultural Tsunami* happening due to the deteriorisation of Christian family values today. The effects of entertainment media often encourage a pleasure seeking principle.

Who can change this situation? The young people with dynamic Catholic faith can make a fast change. Only the young people who value the values can make a change. Therefore, we need a family based youth ministry.

**Life Giving Spiritual Habits**

A dynamic Catholic youth who really longs to become a disciple of Jesus Christ needs to develop life-giving spiritual habits. Here we consider three of them.

**a. Walk with Jesus –** The first habit is to walk daily with Jesus. It means a daily commitment to prayer. Paul called it "prayer without ceasing" (1 Thes.5:17). To walk with God is to go through each day completely receptive to God's presence, doing everything for the greater glory of God. Positive ways to walk with the Lords are: a) the practice of the presence of God - to be ever conscious of the life of God within my soul. b) praying in the Presence of the Lord - Eucharistic Adoration. c) contemplating the face of Christ - prayer. We can walk with Jesus with these simple, moving and practical prayers. People like St. Francis of Assisi, who have reached the heights of sanctity, always wanted to walk with Jesus.

**b. Pray the Word of God –** The second spiritual habit for a dynamic Catholic youth is praying the Word of God, to learn more about faith. A real disciple of Jesus has to sit at the feet of Christ to learn. Pope Francis in his Apostolic Exhortation *Evangelii Gaudium* emphasized the study of the Sacred Scriptures. "The study of the Sacred Scriptures must be a door opened to every believer... Evangelization demands familiarity with God's Word, which calls for … ongoing study of the Bible, …" (no. 175). The Holy Father wants to tell us that it is not simply reading the Bible but praying the Bible. As we pray the Word of God we greet the Lord in prayer and Scriptures. Gospel must be a motivating force to pursue a life orientation. The greatest tragedy in life is not death or destruction but a life without purpose.

**c. 'Go where Jesus would go'.** This phrase points to the Spirit of Service and Evangelization which is the consequence of the first two. Consider what Jesus risked when he went to heal his friend Lazarus. He was venturing within five miles of Jerusalem where he was 'a wanted man'. The disciples knew this; in fact Thomas says, "Let us

also go, that we may die with him" (Jn.11:16). At great personal risk Jesus went to embrace the broken family of a close friend. Jesus wanted to share the love of God with everyone.

These habits are inter-related. If we pray two pages of the Holy Scripture, our prayer life would improve and we will talk about it with others. This is Evangelization. When we know God more we love our neighbours intensely. These habits should determine the character and destiny of the modern Youth

Let us celebrate this Youth Day more meaningfully with the aim of achieving life, giving spiritual habits. The common Youth Day programme of our Church will be held at Pirappancode in the Major Archieparchy of Trivandrum. I wish to remind all concerned to remit the offerings of the Holy Qurbono of this day to the eparchial finance office. The offerings are used for our Youth activities at the Eparchial and Ecclesial level.

On this Youth Day, I assure all the youth and who are dedicated to the ministry to the youth, that the Church appreciates their valuable service in building up the youth and the Church. Let us all together empower the youth to be architects of their life by providing them youth-friendly platforms at the grassroots.

May God bless you abundantly!

Yours lovingly in Christ
Sd/-
**+ Vincent Mar Paulos**
Chairman, Synodal Commission for the Youth
Bishop of the Eparchy of Marthandom

15-09-2014
Catholicate Centre, Pattom
Triruvannathapuram

N.B. :This circular should be read in all our churches, mission centres and centres of worship during the Holy Qurbono on 5 October Sunday.